# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി17- 289/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/03/2026
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം
3)കാര്യാലയ കോപ്പി

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി17- 289/2026 തീയ്യതി: 19/03/2026

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-02-2026 | 26-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-02-2026 | 26-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി ആർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ലേഖ വി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഗസ്റ്റിൻ സി തേവർകുന്നേൽ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിനി ടി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹ്റ അബ്ദുൾ ഖാദർ | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീജമോൾ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 01-05-2024 |
| ശ്രീ ജോബിൻ ജോൺ | സെക്രട്ടറി | 02-05-2024 | 08-12-2024 |
| ശ്രീമതി നാൻസി കെ വർഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-12-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാം മാത്യു സാമുവൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 05-05-2024 |
| ശ്രീമതി കാവ്യ എം എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-05-2024 | 31-03-2025 |
| ഡോ.ജോസഫ്.കെ.എം | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി, ഈരാറ്റുപേട്ട | 01-04-2024 | 31-03-2025 |
| ശ്രീമതി.രമ്യ.ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ അജിൻ ജോസ് | സീനിയർ വെറ്റനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.രശ്മി.പി.ശശി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഈരാറ്റുപേട്ട | 01-04-2024 | 31-03-2025 |
| ശ്രീമതി.ആര്യ വി എൻ | ഐ.സി.ഡി എസ സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ ജവാദ് എസ് | പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്സ് | 01-04-2024 | 24-12-2024 |

| | | | |
|---|---|---|---|
| | ഈരാറ്റുപേട്ട | | |
| ശ്രീമതി ഷീജ എസ് | പ്രിൻസിപ്പാൽ, ഗവ.എച്ച്.എസ്.എസ്സ് ഈരാറ്റുപേട്ട | 25-12-2024 | 31-03-2025 |
| ശ്രീ അനൂപ്.ജി.കൃഷ്ണൻ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2024 | 17-09-2024 |
| ശ്രീമതി സ്വപ്ന ബി നായർ | ഹെൽത്ത് ഇൻസ്പെക്ടർ | 18-09-2024 | 31-03-2025 |
| ശ്രീമതി സജന ഉമർ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ രാജൻ റ്റി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുനിസിപ്പൽ ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | നഗരസഭ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും അക്കൗണ്ടിങ്ങും കാലികമായിട്ടില്ല | 1-1-3 |
| 5 | ആസ്തി വർദ്ധനവിന്റെ മൂല്യത്തിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | മരാമത്ത് പാർട്ട് ബില്ലുകളുടെ തുക ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-5 |
| 7 | സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-6 |
| 8 | ആസ്തികളുടെ സഞ്ചിത മൂല്യശോഷണം -പ്രൊവിഷൻ തുക ആസ്തിമൂല്യത്തിൽ അധികമായി | 1-1-7 |
| 9 | അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല | 1-1-8 |
| 10 | മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | വിവിധ നിക്ഷേപങ്ങളുടെ ഇനം തിരിച്ചുള്ള മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | കുടിശ്ശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല കുടിശ്ശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | 31.03.2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ഒറ്റ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നു | 1-1-14 |
| 16 | Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല | 1-1-15 |
| 17 | എൻ പി എസ് വിഹിതം അടവാക്കാനുള്ളതിൽ അപാകത | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അലോട്ട്മെന്റ് തുകകളിൽ അപാകത | 1-4-1 |

| | | |
|---|---|---|
| 22 | പദ്ധതിഅവലോകനം | 1-5 |
| 23 | അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി | 1-6 |
| 24 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ അപാകതകൾ നിലനിൽക്കുന്നു | 1-11 |
| 29 | വസ്തുനികുതി പരിശോധിക്കുന്നതിന് നഗരസഭ ലഭ്യമാക്കിയ കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലെ പരിമിതികൾ | 1-12 |
| 30 | വസ്തുനികുതി പരിഷ്കരണം - സമഗ്രമായ ഫീൽഡ് പരിശോധന - തുടർ നടപടി വിവരങ്ങളില്ല | 1-13 |
| 31 | വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 32 | വസ്തുനികുതി കുടിശ്ശിക നിലനിൽക്കെ കെട്ടിട ഉടമസ്ഥാവകാശം കൈമാറി നൽകി | 1-15 |
| 33 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല | 1-16 |
| 34 | നഗരസഭ പരിധിയിലെ ടർഫ് നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-17 |
| 35 | തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-18 |
| 36 | K-Smart വഴിയുള്ള പെർമിറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 37 | അനധികൃത കെട്ടിടങ്ങൾ - ക്രമവൽക്കരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-20 |
| 38 | നഗരസഭയുടെ അനുമതിയില്ലാതെയുള്ള നിർമ്മാണം - തുടർ നടപടി സ്വീകരിച്ചില്ല | 1-21 |
| 39 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-22 |
| 40 | തൊഴിൽനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 1-23 |
| 41 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 42 | സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-25 |
| 43 | നഗരസഭയുടെ വാടക നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു | 1-26 |
| 44 | വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-27 |
| 45 | മുൻവർഷം വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാർ തൻവർഷവും കുടിശ്ശിക വരുത്തി | 1-27-1 |
| 46 | വാടക നിക്ഷേപം മുതൽകൂട്ടാൻ രേഖകൾ സൂക്ഷിച്ചില്ല | 1-28 |
| 47 | കടമുറികൾ വാടകയ്ക്ക് നൽകാതെ | 1-29 |

| | | |
|---|---|---|
| | ഉപയോഗശൂന്യമാവുന്നു | |
| 48 | രാജൻസ് മെട്രോ തീയേറ്ററിന്‍റെ വിനോദ നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-30 |
| 49 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു. | 1-31 |
| 50 | തനത് ഫണ്ട് ചെലവുകളുടെ രേഖകൾ പൂർണമായും പരിശോധനക്ക് ഹാജരാക്കിയില്ല | 1-32 |
| 51 | നടപടികൾ പാലിക്കാതെ നഗരസഭയിൽ നിന്ന് പഠനയാത്ര നടത്തി | 1-32-1 |
| 52 | ജീവനക്കാരുടെ ശമ്പള റിക്കവറികൾ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിൽ കാലതാമസം | 1-33 |
| 53 | അഭിഭാഷകർക്കുള്ള പ്രതിഫലം - ആദായ നികുതി ടി.ഡി.എസ്. നടത്തുന്നില്ല | 1-34 |
| 54 | നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കിന് തുക നൽകി | 1-35 |
| 55 | HDPE ചട്ടികൾ വാങ്ങൽ - വാറന്‍റി, സ്പെസിഫിക്കേഷൻ എന്നിവ ഉറപ്പാക്കിയിട്ടില്ല | 1-36 |
| 56 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്‍റെ വിവരം ലഭ്യമല്ല | 1-37 |
| 57 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-38 |
| 58 | ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 1-39 |
| 59 | ICDS സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്‍റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-40 |
| 60 | ട്വിൻ ബിൻ വാങ്ങൽ - മുഴുവൻ ബിന്നുകളും ഉപയോഗിക്കുന്നില്ല | 1-41 |
| 61 | ആർദ്രം പദ്ധതി - മെയിന്‍റനൻസ് ഫണ്ട് - നോൺ റോഡിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു | 1-42 |
| 62 | ശൗചാലയ നിർമ്മാണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു | 1-43 |
| 63 | എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല | 1-44 |
| 64 | സ്പിൽഓവർ പ്രോജക്ടിന്‍റെ ചെലവ് -ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-45 |
| 65 | വനിതകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും യോഗ പരിശീലനം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-46 |
| 66 | ഹെൽത്ത് ഗ്രാന്‍റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-47 |

| | | |
|---|---|---|
| 67 | ഇ ടെണ്ടർ ഫീ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. | 1-48 |
| 68 | കരാർ വെക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. | 1-49 |
| 69 | കാട്ടാമല കുടിവെള്ള പദ്ധതി 8-ാം ഡിവിഷനിലേക്ക് പൈപ്പ് ലൈൻ- അപാകതകൾ | 1-50 |
| 70 | വാർഡ് 26 ലെ വനിത തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | 1-51 |
| 71 | നടയ്ക്കൽ കുറ്റിയാനിക്കൽ റോഡ് പുനരുദ്ധാരണം- പൂർത്തിയാക്കിയിട്ടില്ല. | 1-52 |
| 72 | മാതാക്കൽ കുടിവെള്ള പദ്ധതി വാർഡ്- 6- അപാകതകൾ | 1-53 |
| 73 | കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 1-54 |
| 74 | ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണം - അവലോകനം | 1-55 |
| 75 | നഗരസഭയിലെ അമൃത് 2.0 പ്രവർത്തനങ്ങൾ അവലോകനം | 1-56 |
| 76 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-57 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 2-1 |
| **ഭാഗം 3** | | |
| 1 | ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി - സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-1 |
| 2 | ടോയ്‌ലറ്റ് നിർമ്മാണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു | 3-2 |
| 3 | എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല | 3-3 |
| 4 | ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-4 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |

| | | |
|---|---|---|
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1)** ഈരാറ്റുപേട്ട നഗരസഭയുടെ **2025** മാർച്ച് **31** -ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും **31.03.2025** തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **03.12.2025** തീയതിയിലെ **A1-4680726-2025**-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **06.12.2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും **1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4), 2007** ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് **1994,** കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് **1996,** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം **4.2.1, 11.3** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**2)** സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈരാറ്റുപേട്ട നഗരസഭയുടെ **2024-2025** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ **31.03.2025** -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2025** -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: **19.03.2026** — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 മുനിസിപ്പൽ ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31.03.2025 തീയതിയിലെ ആകെ മുനിസിപ്പൽ ജനറൽ ഫണ്ട് മൂല്യത്തിന്റെ (52981121/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01.04.2011 ൽ ജനറൽ ഫണ്ട് മൂല്യം 40911928/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന OBRP രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വിഹിതം (Capital Contribution) എന്ന ഇനത്തിൽ കണക്കാക്കിയിട്ടുള്ള മുന്നിരിപ്പ് മൂല്യത്തിന്റെ (4.55 കോടി രൂപ) വിശദാംശം 2011-12 മുതൽ 2024-25 വരെയുള്ളത് ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും നിർണ്ണയിക്കുന്നതിനുള്ള ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-51 പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് Capital Contribution രജിസ്റ്ററിൽ ചേർക്കേണ്ടതും 31.03.2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

## 1-1-3 നഗരസഭ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും അക്കൗണ്ടിങ്ങും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭാ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01.04.2024 ൽ മുന്നിരിപ്പായുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും ആധികാരികതയും മൂല്യത്തിന്റെ കൃത്യതയും വ്യക്തമല്ല.

നഗരസഭ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31.03.2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-4 ആസ്തി വർദ്ധനവിന്റെ മൂല്യത്തിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല

2024-25 വാർഷിക പദ്ധതിയിൽ വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല എന്നതിനാൽ തൻവർഷത്തെ മൂലധന ചെലവുകളുടെ കൃത്യത വ്യക്തമല്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-51 പ്രകാരം സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടുന്ന സുസ്ഥിര ആസ്തികൾക്ക് തുല്യമായ മൂല്യം മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

ആസ്തികൾ സൃഷ്ടിക്കുന്നതും പുതിയ ആസ്തികൾ കണക്കിൽ ഉൾപ്പെടുത്തുന്നതിനും ആനുപാതികമായി മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ 31.03.2025 ബാലൻസ് ഷീറ്റ് പ്രകാരം സുസ്ഥിര ആസ്തിമൂല്യവും മൂലധന വർദ്ധനവും തമ്മിൽ അന്തരം നിലനിൽക്കുന്നു. 2024-25 ൽ സുസ്ഥിര ആസ്തി സൃഷ്ടിച്ചതിന്റെ മൂല്യം 31.03.2025 വരെയുള്ളത് Prior Period ഇനത്തിൽ മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്ത് അപാകത പരിഹരിച്ച് മറുപടി നൽകേണ്ടതാണ്.

## 1-1-5 മരാമത്ത് പാർട്ട് ബില്ലുകളുടെ തുക ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യില്ല

പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ തത്തുല്യമായ ചെലവ് തുക പുരോഗമിക്കുന്ന മൂലധന മരാമത്ത് പ്രവൃത്തികൾ **(Capital Work In Progress)** എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിനും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട രജിസ്റ്റർ **(Capital Work In Progress Register)** സൂക്ഷിക്കുന്നില്ല. ഈയിനത്തിലുള്ള **18.86** ലക്ഷം രൂപ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടി നൽകിയ പാർട്ട് ബില്ലുകളാണെന്ന വിശദാംശങ്ങളും ടി പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ **2024-25** ൽ സെറ്റിൽ ചെയ്യപ്പെട്ടോ എന്നും കൃത്യമായി നിരീക്ഷിക്കുന്നതിന് പര്യാപ്തമായ രേഖകളുടെ അഭാവത്തിൽ സാധിക്കുന്നില്ല. **2007**-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**54(4)**(എഫ്) പ്രകാരം **Capital Work In Progress** ക്രമീകരണങ്ങൾ ഓരോ അർദ്ധവർഷത്തിലും സെക്രട്ടറി അനുബന്ധരേഖകളുമായി പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. ഫൈനൽ ബിൽ നൽകുമ്പോൾ മാത്രമാണ് അവ **Capital Work In Progress**-ൽ നിന്നും ബന്ധപ്പെട്ട സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടത്. **Capital Work In Progress** മുന്നിരിപ്പ് വിശദാംശം കണ്ടെത്തി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ ശേഷം രജിസ്റ്ററിന്റെ പകർപ്പ് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-6 സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ **(Government And Other Dues Register)** സൂക്ഷിക്കുന്നില്ല. ആയതിനാൽ വിവിധ റിക്കവറികളിൽ ഒടുക്കാനവശേഷിക്കുന്നവയുടെ വിശദാംശം, ഇനം, കാലയളവ് എന്നിവയും ലഭ്യമല്ല. ഉദാഹരണമായി **31.03.2025** ലെ **3501003-Government And Other Dues Payable – Others Payable - 60033/-, 3504099-Refund Payable – Others 425500/-** രൂപ, **3501003-Professionals Control Account – 1344989/-** തുടങ്ങിയ ഇനങ്ങൾ ബാധ്യതായി നിലനിർത്തിയിട്ടുള്ളതിന്റെ ഉദ്ദേശ്യവും വിശദാംശങ്ങളും ലഭ്യമല്ല.
**2007**-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**54(3)**(ജി) പ്രകാരം ഓരോ മാസാന്ത്യത്തിലും സർക്കാർ റിക്കവറികളുടെ ഒടുക്ക് നിരീക്ഷിക്കേണ്ടതാണ്. സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിവരവും റിക്കവറിയുടെ വിശദാംശവും ഇനം, ലഭിച്ച കാലയളവ് എന്നിവ ചേർത്ത് ഓരോ സാമ്പത്തിക വർഷാവസാനവും രജിസ്റ്ററിലെ കണക്കുകൾ ക്ലോസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ **(Government And Other Dues Register)** ആധികാരികമായ വിധം സൂക്ഷിച്ച് വിവിധ റിക്കവറികളുടെ സമയബന്ധിതമായ ഒടുക്ക് നിരീക്ഷിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-7 ആസ്തികളുടെ സഞ്ചിത മൂല്യശോഷണം -പ്രൊവിഷൻ തുക ആസ്തിമൂല്യത്തിൽ അധികമായി

**2024-25** വർഷം സുസ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ **2.95** കോടി രൂപ പ്രൊവിഷനായി അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത **Calculation Sheet** ലൂടെ വ്യക്തമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം **39.09** ലക്ഷം രൂപ മാത്രം ആസ്തി മൂല്യമുള്ള വാഹന ആസ്തികളുടെ സഞ്ചിത മൂല്യശോഷണം **31.03.2025** വരെ **43.67** ലക്ഷം രൂപ എത്തിയതായി കാണക്കാക്കിയിട്ടുണ്ട്. ആസ്തി മൂല്യത്തേക്കാൾ ആസ്തിയുടെ തേയ്മാനച്ചെലവ് ഇനത്തിലുള്ള പ്രൊവിഷൻ തുക വർദ്ധിച്ചിരിക്കുന്നു. കൂടാതെ **15.87** ലക്ഷം രൂപ മാത്രം ആസ്തി മൂല്യമുള്ള **Plant & Machinery** ആസ്തികളുടെ സഞ്ചിത മൂല്യശോഷണം **31.03.2025** വരെ **20.41** ലക്ഷം രൂപ എത്തിയതായി കാണക്കാക്കിയിട്ടുണ്ട്.
തുടർവർഷം മൂല്യശോഷണം കണക്കാക്കുമ്പോൾ മേൽ അക്കൗണ്ടിങ്ങ് അപാകത ക്രമീകരണം നടത്തി കൃത്യമാക്കേണ്ടതാണ്. **31.03.2025** വരെയുള്ള ആസ്തികളുടെ മൂല്യശോഷണം കൃത്യമാക്കിയതിന്റെ വിവരം സാക്ഷ്യപ്പെടുത്തിയ കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കേണ്ടതുമാണ്.

## 1-1-8 അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല

അക്രുവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായ വരവിനങ്ങളായ സ്ഥാപനങ്ങളുടെ തൊഴിൽ

നികുതി, ലൈസൻസ് ഫീസ്, വാടക തുടങ്ങിയവയുടെ ഡിമാന്റ് നിർണ്ണയിച്ച് സാമ്പത്തിക വർഷാരംഭത്തിൽ കിട്ടാനുള്ള തുകയായി (**Receivable**) അക്കൗണ്ട് ചെയ്യുന്നില്ല. അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

അക്രുവൽ വരവുകളുടെ ഡിമാന്റ് കണക്കാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. അംഗീകൃത സ്ഥാപന ലിസ്റ്റ്, വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കേണ്ടതായിരുന്നു. അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും വർഷാവസാനം ഡിമാന്റ് രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-9 മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

നഗരസഭ ഫണ്ടിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർവ്വഹണ ഏജൻസികൾക്കും നൽകിയ **B18** പ്രകാരമുള്ള വിവിധ അഡ്വാൻസുകളുടെ മുന്നിരിപ്പ് വിശദാംശം **2024-25** ലെ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. തുക നൽകിയ വ്യക്തി/സ്ഥാപനം/ഏജൻസി, ഉദ്ദേശ്യം, പ്രോജക്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണെങ്കിൽ മാത്രമേ മേൽ തുകകളുടെ ക്രമീകരണം സാധ്യമാകുകയുള്ളൂ. അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-10 വിവിധ നിക്ഷേപങ്ങളുടെ ഇനം തിരിച്ചുള്ള മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

നഗരസഭ ഫണ്ടിലേക്ക് ലഭിച്ചതും ബാധ്യതയായി കണക്കാക്കേണ്ടതുമായ വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശം **2024-25** ലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. തുക ഒടുക്കിയ വ്യക്തി/സ്ഥാപനം/ഏജൻസി, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം, പ്രോജക്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണെങ്കിൽ മാത്രമേ നിക്ഷേപങ്ങളുടെ ക്രമീകരണവും കാലഹരണപ്പെട്ട റവന്യു നിക്ഷേപങ്ങളുടെ മുതൽക്കൂട്ടലും സാധ്യമാകുകയുള്ളൂ.

ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിശദാംശങ്ങൾ കൃത്യമാക്കി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ ശുപാർശ ചെയ്യേണ്ടതും ഭരണസമിതിയുടെ അനുമതിയോടെ നടപടി പൂർത്തിയാക്കി നഗരസഭ ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതുമാണ്. നടപടികളുടെ വിശദാംശവും മുതൽക്കൂട്ടിയ ശേഷം ബന്ധപ്പെട്ട അക്കൗണ്ട്സ് രേഖകളും മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

## 1-1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അക്കൗണ്ടിങ്ങ്, വിനിമയം തുടങ്ങിയ വിവരങ്ങൾ എ.സി.ആർ. സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. തൻവർഷത്തെ പ്രസ്തുത ഗ്രാന്റുകളുടെ ധനകാര്യ പത്രികയിലെ ക്രമീകരണങ്ങൾ വാർഷിക പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന ഗ്രാന്റ് വിനിമയവുമായി പൊരുത്തപ്പെടുന്നില്ല. എസിആർ കൃത്യമാക്കി പരിപാലിക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-1-12 കുടിശ്ശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല കുടിശ്ശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

**31.03.2025**ലെ ബാലൻസ് ഷീറ്റ് പ്രകാരം ട്രേഡർമാരുടെ മുൻവർഷ കാലയളവിലെ **IFTE & OS** ലൈസൻസ് ഫീസ് **1184602/-** രൂപ ഒടുക്കാനുള്ളവരുടെ വിശദാംശങ്ങൾ ഉൾപ്പെട്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് കണ്ടെത്തി തുക നഗരസഭ ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-13 31.03.2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ **2025** മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, വെള്ളക്കരം തുടങ്ങിയ **31.03.2025** വരെയുള്ള കണ്ടിജന്റ് ചെലവുകൾ **2024-25**ൽ **Payable** ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. **2007**-ലെ കേരള മുനിസിപ്പാലിറ്റി(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**27**

പ്രകാരം അതത് വർഷ ചെലവുകൾ വർഷാവസാനം **Payable** ആയി ക്രമീകരിച്ച് നഗരസഭ ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു.

തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ **Payable** ആയി അക്കൗണ്ട് ചെയ്യുന്നതിന് **K-SMART** സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ **IKM**-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-14 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ഒറ്റ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്ന

എൻ യു എൽ എം, എസ് ജി ആർ വൈ, സാക്ഷരത തുടങ്ങിയ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എല്ലാം **320100100** എന്ന ഒറ്റ ശീർഷകത്തിലാണ് വിനിമയം അക്കൗണ്ട് ചെയ്യുന്നത്. പ്രസ്തുത ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിനിയോഗം അതാത് പ്രോജക്ടുകളിലെ വാർഷിക പദ്ധതി ചെലവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനാവുന്നില്ല. ആയതിനാൽ **3208099 – Other Grants & Contributions For Specific Purposes – 5674674/-, 3201050 – Grants Contributions For Specific Purposes – 1233400/-** എന്നീ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. എ.സി.ആർ.-ൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം പ്രോഗ്രസീവായി നിരീക്ഷിക്കുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-1-15 Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല

മുൻവർഷ ചെലവായും വരുമാനമായും ക്രമീകരിക്കപ്പെട്ട ഇനങ്ങളുടെ ആധികാരികത **Notes On Account** ലൂടെ വിശദീകരിച്ചിട്ടില്ല. **Notes On Account** ലഭ്യമാക്കി മുൻവർഷങ്ങളിലെ വരവ്-ചെലവായി ക്രമീകരിച്ച ഇനങ്ങൾ വിശദമാക്കേണ്ടതാണ്.

## 1-1-16 എൻ പി എസ് വിഹിതം അടവാക്കാനുള്ളതിൽ അപാകത

ജീവനക്കാരുടെ എൻ പി എസ് വിഹിതം അടവാക്കാനുള്ളതിൽ ബാലൻസ് ഷീറ്റ് **B8** ഷെഡ്യൂൾ പ്രകാരം **Employers Share (3501301)– 251142** രൂപയും **Employee Share (3502020)– 623386** രൂപയുമാണ്. എൻ പി എസ് അക്കൗണ്ടിലേക്കുള്ള **Employers Share**-ഉം **Employee Share**-ഉം തുല്യമാകേണ്ടതിനാൽ ബാലൻസ് ഷീറ്റിൽ മേൽ തുകകൾ പൊരുത്തപ്പെടുന്നില്ല. **Employers Share, Employee Share** എന്നിവയിൽ അടവാക്കാനുള്ള തുകയുടെ കൃത്യമായ വിവരങ്ങൾ കണക്കാക്കി അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

**2024-25** വർഷത്തെ ബജറ്റ് **30/01/24**-ലെ തീയതിയിലെ **I/1**-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ **12/02/25** തീയതിയിലെ **I/1**-ാം നം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പരിഷ്ക്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | **18835683** | **26465697** |
| വരവ് | **782649300** | **330646720** |
| ആകെ | **801484983** | **357112417** |
| ചെലവ് | **789265000** | **327050720** |
| നീക്കിയിരിപ്പ് | **12219983** | **30061697** |

കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കണമെന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

ഈരാറ്റുപേട്ട നഗരസഭയുടെ **2024-25** വർഷത്തെ റസീറ്റ് **&** പേമെന്റ് പത്രിക,ബാലൻസ് ഷീറ്റ്, ഇൻകം **&** എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള വരവ്നഷ്ടം, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക

| | |
|---|---|
| മുന്നിരിപ്പ് (01-04-2024) | 16903373/- |
| ഓഡിറ്റ് വർഷത്തെ വരവ് | 166916628/- |
| ആകെ | 183820001/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 149284611/- |
| നീക്കിയിരിപ്പ് (31-03-2025) | 34535390/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 236874802/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 229917177/- |
| പ്രവർത്തന മിച്ചം | 6957625/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 669209 |
| അറ്റ പ്രവർത്തന മിച്ചം | 7626834/- |

ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ

| | |
|---|---|
| ആസ്തിമൂല്യം (Total Assets) | 219578088/- |
| ബാധ്യതകളുടെ മൂല്യം (Total Liabilities) | 166596967/- |
| ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund) | 52981121/- |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 14,860/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 41,98,421/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,85,540/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഈരാറ്റുപേട്ട നഗരസഭയുടെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. നഗരസഭ ഫണ്ടിലേക്ക് ലഭിച്ചതും നഗരസഭ ഫണ്ടിൽ നിലനിൽക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും (Special Purpose Grants) വിഹിതങ്ങളുടെയും വിനിയോഗം 2024-25 വാർഷിക കണക്കുകൾ പ്രകാരമുള്ളതും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 25144000 (25144 @ 1% ഫൈൻ) | 24892560 | 23198181 | 1694379 | 93.19 |
| വികസന ഫണ്ട്- എസ് സി പി | 0 | 871000 | 871000 | 590000 | 281000 | 67.74 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 0 | 10064256 + 513238 = 10577494 | 10577494 | 8940563 | 1636931 | 84.52 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് – ടൈഡ് | 3504673 | 14445388 | 17950061 | 7923062 | 10026999 | 44.14 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 16538010 | 16538010 | 12239372 | 4298638 | 74.01 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8024000 | 8024000 | 5415976 | 2608024 | 67.50 |
| പി എം എ വൈ | 237207 | 136157 | 373364 | 362873 | 10491 | 97.19 |

| | | | | | | |
|---|---|---|---|---|---|---|
| ആരോഗ്യ ഗ്രാന്റ്, ഹെൽത്ത് & വെൽനെസ്സ് | 6426796 | 2723000 + 119316 = 2842316 | 9269112 | 4340232 | 4928880 | 46.82 |
| ആരോഗ്യ ഗ്രാന്റ്, ഡയഗണോസ്റ്റിക് & ഇൻഫ്രാസ്ട്രക്ചർ | 2697759 | 69279 | 2767038 | 1030346 | 1736692 | 37.24 |
| ഐ സി ഡി എസ് ഫണ്ട് | 2017986 | 2424634 | 4442620 | 3020696 | 1421924 | 67.99 |
| എൻ യു എൽ എം | 395769** | 11974 | 407743 | 0 | 407743 | 0 |
| സ്വച്ഛഭാരത് (SBM) | 390023 | 11800 | 401823 | 49310 | 352513 | 12.27 |
| സാക്ഷരത | 58497 | 7226 | 65723 | 0 | 65723 | 0 |

** 2023-24 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90% ശേഖരിക്കാത്തതിനാൽ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 1 % തുകയായ 251440 രൂപ കുറവ് ചെയ്താണ് ലഭ്യമായിട്ടുള്ളത്*

** എൻ യു എൽ എം, എസ് ജി ആർ വൈ, സാക്ഷരത തുടങ്ങിയ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എല്ലാം 320100100 എന്ന ഒറ്റ ശീർഷകത്തിലാണ് വിനിമയം അക്കൗണ്ട് ചെയ്യുന്നത്. പ്രസ്തുത ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിനിയോഗം അതാത് പ്രോജക്ടുകളിലെ വാർഷിക പദ്ധതി ചെലവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനാവുന്നില്ല. എ.സി.ആർ.-ൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം പ്രോഗ്രസീവായി നിരീക്ഷിക്കുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വികസന ഫണ്ടിൽ നിന്ന് കെ യു ആർ ഡി എഫ് സി വായ്പ തിരിച്ചടവിനും അങ്കണവാടി ഹോണറേറിയത്തിനും വേണ്ടി സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, നഗരസഭക്ക് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | ആകെ അലോട്ട്മെന്റ് | ഫൈൻ 1% | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 25144000 | 251440 | 502/25 – 1095000<br>503/25 – 3626667<br>505/25 – 3626666<br>ആകെ – 8348333 | 16544227 |
| വികസന ഫണ്ട്- എസ് സി പി | 871000 | – | 504/25 – 20000<br>505/25 – 20000<br>ആകെ - 40000 | 831000 |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വിവിധ ഗ്രാന്റുകളുമായി ബന്ധപ്പെട്ട്, ഗ്രാന്റ് അനുവദിച്ചുകൊണ്ട് ഗ്രാന്റ് പത്രികയിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, അലോട്ട്മെന്റ് തുകകൾ എന്നിവയിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 513238/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

3. ധനകാര്യ കമ്മീഷൻ ടൈഡ്, അൺടൈഡ് ഇനങ്ങളിൽ മുൻകാല കുടിശ്ശികയായി ട്രഷറി അക്കൗണ്ടിൽ ലഭ്യമായ തുകകൾ യഥാക്രമം 122500/- രൂ, 298500/- രൂ എന്നിവ ലാപ്സായി.

4. ആരോഗ്യ ഗ്രാന്റ് – ഹെൽത്ത് & വെൽനെസ്സ് അക്കൗണ്ടിൽ പലിശ സഹിതമുള്ള വരവാണ് വരവായി ചേർത്തിട്ടുള്ളത്. ആരോഗ്യ ഗ്രാന്റ് – ഡയഗണോസ്റ്റിക് & ഇൻഫ്രാസ്ട്രക്ചർ അക്കൗണ്ടിൽ പലിശയാണ് വരവായി ചേർത്തിട്ടുള്ളത്.

5. എൻ യു എൽ എം, എസ് ജി ആർ വൈ, സാക്ഷരത തുടങ്ങിയ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എല്ലാം 320100100 എന്ന ഒറ്റ ശീർഷകത്തിലാണ് വിനിമയം അക്കൗണ്ട് ചെയ്യുന്നത്. പ്രസ്തുത ഫണ്ടുകളുടെ ഇനം

തിരിച്ചുള്ള വിനിയോഗം അതാത് പ്രോജക്ടുകളിലെ വാർഷിക പദ്ധതി ചെലവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനാവുന്നില്ല. എ സി ആർ-ൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം പ്രോഗ്രസീവായി നിരീക്ഷിക്കുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**6. 2024-25** വർഷം പട്ടികജാതി വിഭാഗം വികസന ഫണ്ടിന്റെ ചെലവ് **67.74%** മാത്രമാണ്. ചെലവ് ശതമാനം **80** ൽ താഴെയായത് **2026-27** വർഷം പരിഹാര വകയിരുത്തൽ നടത്തേണ്ട സാഹചര്യം സൃഷ്ടിക്കുന്നു.

**7.** ധനകാര്യ കമ്മീഷൻ ഗ്രാന്റ് **B17** ബാങ്കിലെ നീക്കിയിരിപ്പും **B4** ഷെഡ്യൂളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

**8. 2023-24** സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ **90%** ശേഖരിക്കാത്തതിനാൽ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ **1%** തുകയായ **25/440** രൂപ കുറവ് ചെയ്തിട്ടാണ് ലഭ്യമായിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അലോട്ട്മെന്റ് തുകകളിൽ അപാകത

**2024-2025** സാമ്പത്തിക വർഷത്തെ നഗരസഭ ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ (വെബ്പോർട്ടൽ ജനറേറ്റഡ്) പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, അലോട്ട്മെന്റ് തുകകൾ എന്നിവയിൽ വ്യത്യാസം നിലനിൽക്കുന്നു. സർക്കാർ ഉത്തരവുകളിലെ വിശദാംശങ്ങൾ, ലഭ്യമായ ഗ്രാന്റ് പത്രികയിലെ വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് | സർക്കാർ ഉത്തരവ് | അലോട്ട്മെന്റ് തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സർക്കാർ ഉത്തരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോട്ട്മെന്റ് തുക |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | **GO (Rt) No. 3510/2024/ Fin/ 19.04.2024** | **7286300** | **GO (Rt) No. 4904/2024/ Fin/ 21.06.2024** | **1476014** |
| | **GO (Rt) No. 9106/2024/ Fin/ 07.12.2024** | **4754633** | **GO (Rt) No. 8861/2024/ Fin/ 30.11.2024** | **2674000** |
| വികസന ഫണ്ട് എസ് സി പി | **GO (Rt) No. 3510/2024/ Fin/ 19.04.2024** | **290300** | **GO (Rt) No. 454/2025/ Fin/ 17.01.2025** | **1476014** |
| | **GO (Rt) No. 9106/2024/ Fin/ 07.12.2024** | **270300** | **GO (Rt) No. 4802/2024/ Fin/ 18.06.2024** | **298500** |
| | **GO (Rt) No. 1625/2025/ Fin/ 20.02.2025** | **270400** | **GO (Rt) No. 2075/2025/ Fin/ 04.03.2025** | **122500** |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | **GO (Rt) No. 8861/2024/ Fin/ 30.11.2024** | **2674000** | **GO (Rt) No. 9009/2024/ Fin/ 05.12.2024** | **5512660** |
| മെയിന്റനൻസ് ഗ്രാന്റ് | **GO (Rt) No. 6203/2024/ Fin/ 13.08.2024** | **5512670** | **GO (Rt) No. 9106/2024/ Fin/ 07.12.2024** | **4754633** |

| | | | | |
|---|---|---|---|---|
| - നോൺ റോഡ് | GO (Rt) No. 8861/2024/ Fin/ 30.11.2024 | 5512660 | GO (Rt) No. 8349/2024/ Fin/ 11.11.2024 | 1476014 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | GO (Rt) No. 4802/2024/ Fin/ 18.06.2024 | 122500 | GO (Rt) No. 3510/2024/ Fin/ 19.04.2024 | 290300 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | GO (Rt) No. 2075/2025/ Fin/ 04.03.3035 | 122500 | GO (Rt) No. 2075/2025/ Fin/ 04.03.3035 | 298500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | GO (Rt) No. 6392/2024/ Fin/ 21.08.2024 | 14200388 | GO (Rt) No. 6392/2024/ Fin/ 21.08.2024 | 9467256 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | GO (Rt) No. 4802/2024/ Fin/ 18.06.2024 | 298500 | GO (Rt) No. 6162/2024/ Fin/ 12.08.2024 | 1476014 |
| | GO (Rt) No. 2075/2025/ Fin/ 04.03.2025 | 298500 | GO (Rt) No. 3970/2024/ Fin/ 09.05.2024 | 1703700 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | GO (Rt) No. 6392/2024/ Fin/ 18.06.2024 | 9467256 | GO (Rt) No. 1625/2025/ Fin/ 20.02.2025 | 270400 |

അലോട്ട്മെന്റ് തുകകളിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അലോട്ട്മെന്റ് തുകകളിലെ വ്യത്യാസം പരിഹരിച്ച് പുതുക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതിഅവലോകനം

ഈരാറ്റുപേട്ട നഗരസഭയുടെ 2024-25 വാർഷികപദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 21-03-25 ലെ 7-ാം നമ്പർ യോഗ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 28-02-2025 തീയതിയിലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവുപ്രകാരം പുതുക്കിയ നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു. നഗരസഭകളും കോർപ്പറേഷനുകളും 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച് 19-4-22 ൽ തദ്ദേശസ്വയംഭരണവകുപ്പ് ഉത്തരവായിരുന്നു (സ.ഉ.(കൈ)നം86/2022/19-4-22). പദ്ധതിരൂപീകരണത്തിൽ നഗരസഭ മാർഗ്ഗരേഖപ്രകാരം നിർദ്ദേശിച്ചിരുന്ന പ്രവർത്തന കലണ്ടർ അനുസരിച്ചു് നടത്തിയ വിവിധ പ്രവർത്തനഘട്ടങ്ങളും സമയക്രമവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 20-12-23 |
| പദ്ധതിരൂപീകരണ വാർഡ് സഭകൾ | 28-12-2023 മുതൽ 31-12-23വരെ തീയതികൾ |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 30.6.24,18.12.24,15.1.25 |
| വികസനസെമിനാർ | 15-1-2024 |
| കരട് പദ്ധതി അംഗീകാരം | 9-2-24-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം |
| ഗുണഭോക്തൃതിരഞ്ഞെടുപ്പ് | 25-7-24 മുതൽ 31-07-24 വരെ |
| വാർഷികപദ്ധതി അന്തിമാംഗീകാരം | 84898/24/ഡിപിസി/ഡിപിഒ/കോട്ടയം/തീയതി 21.03.25 |

സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 364 പ്രോജക്ടുകൾക്കാണ്

വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ **216** പ്രോജക്റ്റുകൾക്കു വേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർപ്രോജക്റ്റുകൾ **82** എണ്ണവും പുതിയ പ്രോജക്റ്റുകൾ **134** എണ്ണവും നടപ്പാക്കിയിട്ടുണ്ട്. തൻവർഷം പ്രോജക്റ്റുകൾ ഏറ്റെടുത്ത **11** നിർവ്വഹണോദ്യോഗസ്ഥരിൽ ഹെൽത്ത് സൂപ്പർവൈസർ, മുനിസിപ്പൽ എഞ്ചിനീയർ, വ്യവസായ വികസനഓഫീസർ,സെക്രട്ടറി എന്നിവരുടെ ചെലവ് **50** ശതമാനത്തിലും താഴെയാണ്. വാർഷികപദ്ധതിയിലെ **41%** ലധികം പ്രോജക്റ്റുകളും (**148** എണ്ണം) നടപ്പായിട്ടില്ലാത്തതോ/തുക ചെലവഴിച്ചിട്ടില്ലാത്തതോ ആയ സാഹചര്യം നിലനിൽക്കുന്നു. ഭരണഘടനാനുസൃതമായി നഗരസഭയിൽ നിക്ഷിപ്തമായ ചുമതലാനിർവ്വഹണത്തിനുവേണ്ടി ലഭ്യമാവുന്ന വികസനഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ആശാസ്യമല്ല. നഗരസഭയുടെ റോഡ്, റോഡിതര സംരക്ഷണഗ്രാന്റുകൾ യഥാക്രമം **67.49%, 74%** വീതം മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ, വകയിരുത്തലിനെ അടിസ്ഥാനമാക്കുമ്പോൾ പദ്ധതിച്ചെലവ് **48.94** ശതമാനം മാത്രമാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് )ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ എണ്ണം/ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | **2/2** | **750000** | **750000** | **100** |
| വ്യവസായ വികസനഓഫീസർ | **1/1** | **680000** | **157500** | **23.16** |
| കൃഷി ഓഫീസർ | **7/7** | **1112750** | **950285** | **85.39** |
| സെക്രട്ടറി | **64/33** | **45470162** | **19304117** | **42.45** |
| സീനിയർ വെറ്ററിനറി സർജൻ | **7/7** | **1354400** | **763201** | **56.34** |
| പ്രോജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യനിർമ്മാർജ്ജനസെൽ | **20/16** | **9839253** | **5501368** | **55.91** |
| മുനിസിപ്പൽ എഞ്ചിനീയർ | **226/123** | **69369858** | **30067560** | **43.34** |
| ഐസിഡിഎസ് സൂപ്പർവൈസർ | **11/5** | **7844819** | **6358179** | **81.05** |
| പ്രിൻസിപ്പൽ ഗവ.എച്ച്.എസ്.എസ്സ് | **1/1** | **500000** | **500000** | **100** |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | **16/13** | **9861048** | **7637739** | **77.45** |
| ഹെൽത്ത് സൂപ്പർവൈസർ | **9/8** | **2859500** | **1256527** | **43.94** |
| | **364/216** | **149641790** | **73246476** | **48.94** |

**93** ലക്ഷത്തിലധികം രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു

അസി.എഞ്ചിനീയർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത **148** ഓളം പ്രോജക്റ്റുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ യഥാസമയം പണമാക്കാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | **1694379** |
| വികസനഫണ്ട്- എസ് സിപി | **281000** |
| സംരക്ഷണഗ്രാന്റ് റോഡ് | **2608024** |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | **4298638** |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | **298500** |

| | |
|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 122500 |
| ആകെ | 9303041 |

വികസനപദ്ധതികൾക്ക് സർക്കാരുകൾ ലഭ്യമാക്കുന്ന ധനസഹായവും നിയമപ്രകാരം ലഭ്യമാകുന്ന വിഹിതവും ചെലവഴിക്കപ്പെടാത്ത നടപടി ആശാസ്യമല്ല. 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഷെഡ്യൂളുകളിൽ (ഇൻഡ്യൻ ഭരണഘടനയുടെ 12- ാം ഷെഡ്യൂൾ അടിസ്ഥാനമാക്കിയുള്ളവ) പ്രതിപാദിച്ചിട്ടുള്ള നഗരസഭയിൽ നിക്ഷിപ്തമായ പല ചുമതലകളും നിർവ്വഹിക്കപ്പെടാതെ അവശേഷിക്കുമ്പോഴും അനുവദിച്ച ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം വർഷങ്ങളായി ആവർത്തിക്കപ്പെടുന്നു. പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണവും ബിൽ തയ്യാറാക്കലും ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവർത്തനങ്ങൾ വരെ ചിട്ടയായും ക്രമമായും സമയനിഷ്ഠ പാലിച്ചും നടപ്പാക്കി സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ആയതിന് ഭരണസമിതിയുടെ ശ്രദ്ധയോടെയുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും മേൽനോട്ടവും അനിവാര്യമാണ്. നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാൽ സഞ്ചിതനിധിയിലേക്ക് വർഷാവസാനം തിരികെയെടുക്കപ്പെട്ട 2 കോടി രൂപയുടെ നഷ്ടത്തിനു പുറമേ സർക്കാർ നിർദ്ദേശാനുസരണമുള്ള മിനിമം ചെലവുപരിധി കൈവരിക്കാത്തതിനാൽ തുടർവർഷങ്ങളിലും നഗരസഭയ്ക്ക് ധനനഷ്ടം സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

പരമാവധി സ്പിൽ ഓവർവിഹിതം ലഭിക്കുന്നത് 20% മാത്രം

ധനകാര്യവകുപ്പിന്റെ 15-7-2021-ലെ ജി.ഓ (എം.എസ്)നം.79/2021 പ്രകാരം ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം ഈയിനങ്ങളിൽ ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് ക്യാരി ഓവർ ചെയ്ത് സ്പിൽ ഓവർവിഹിതമായി നിബന്ധനകൾക്ക് വിധേയമായി അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം വികസനഫണ്ട്(എസ്.സി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡിനങ്ങളിലായി വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട രൂപയിൽ 20% തുക മാത്രമേ തൻവർഷം നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കുന്നതിന് അടുത്തവർഷം ലഭ്യമാവുകയുള്ളൂ. പ്രസ്തുതതുകതന്നെ നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് ലഭ്യമാകുന്നത്. സ്പിൽഓവർ പ്രോജക്ടുകൾക്കായുള്ള ബാക്കിതുക അടുത്തവർഷത്തെ അലോട്ട്മെന്റിൽനിന്നും കണ്ടെത്തേണ്ടതുണ്ട്.

ബി) ഷോർട്ട്ഫോൾ ഇനത്തിൽ 19 ലക്ഷത്തിലധികം രൂപയുടെ ആത്യന്തിക നഷ്ടം

ചെലവുപരിധി 80% കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും (ക്യൂബിൽ തുക ഉൾപ്പെടെയുള്ളത്) അലോട്ട്മെന്റ് തുകയുടെ 80% വും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫോളായി കണക്കാക്കി തുടർന്നുവരുന്നതിന്റെ തൊട്ടടുത്ത വർഷത്തെ അലോട്ട്മെന്റിൽനിന്നും കുറവുചെയ്യുന്നതാണ്. വിശദാംശങ്ങൾ ചുവടെ

| ഫണ്ടിനം | അലോട്ട്മെന്റ് | 80% തുക | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|---|
| വികസനഫണ്ട്(എസ്.സി.എസ്.പി) | 871000 | 696800 | 590000 | 106800 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 16538010 | 13230408 | 12239372 | 991036 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 8024000 | 6419200 | 5415976 | 1003224 |
| | | | ആകെ | 1995328 |

ആയതിനാൽ ആകെ 1995328/- രൂപ നഗരസഭയ്ക്ക് 2026-27 വർഷത്തെ പദ്ധതിചെലവിനായി ലഭ്യമാകുന്ന സംരക്ഷണഗ്രാന്റ്, വികസന ഫണ്ട് എസ് സി പി വിഭാഗം അലോട്ട്മെന്റ്തുകയിൽ നിന്നും കുറവുചെയ്യുന്നതാണ്. കൂടാതെ എസ് സി പി വിഭാഗം ഫണ്ട് നിശ്ചിതവിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ പരിഹാരവകയിരുത്തലിന്റെ ഭാഗമായി തുടർവർഷം (2025-26) പൊതുവിഭാഗംഫണ്ടിൽ കുറവുവരുന്ന സാഹചര്യവും നിലനിൽക്കുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരസഭയിലെ 28 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2024-25

വർഷത്തെ ലേബർ വാർഡ് സഭ കൂടുകയും 28 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 390 പ്രോജക്ടുകളിൽ 35 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 32 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 12309 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 145 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നഗരസഭയിലെ ആകെ അയൽക്കൂട്ടങ്ങളായ 130 എണ്ണത്തിൽ 23 അയൽക്കൂട്ടങ്ങൾ മാത്രമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01.04.2024) | 30976.75 | ഭരണ ചെലവ് – ശമ്പളം | 560932.00 |
| പലിശ വരവ് | 447.00 | ഭരണ ചെലവ് – കമ്പ്യൂട്ടർ, പ്രിന്റർ | 23999.00 |
| ട്രഷറി അലോട്ട്മെന്റ് | 12500000.00 | പണിക്കൂലി & നിർമ്മാണ സാധനങ്ങൾ | 6045452.00 |
| നഗരസഭ തനത് ഫണ്ട് മുൻകൂർ ലഭിച്ചത് | 217782.00 | നഗരസഭ തനത് ഫണ്ട് മുൻകൂർ തിരിച്ചടവ് | 6105898.00 |
| 2024-25 ആകെ വരവ് | 12718229.00 | 2024-25 ആകെ ചെലവ് | 12736281.00 |
| | | നീക്കിയിരിപ്പ് (31.03.2025) | 12924.75 |
| ആകെ | 12749205.75 | ആകെ | 12749205.75 |

ട്രഷറി അലോട്ട്മെന്റും തനത് ഫണ്ടിൽ നിന്നുള്ള മുൻകൂറും തൊഴിലുറപ്പ് പ്രോജക്ടുകളുടെ ചെലവിനായി വിനിയോഗിച്ചിട്ടുണ്ട്. ട്രഷറി അലോട്ട്മെന്റ്/തനത്ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവ് മാത്രം കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ധനകാര്യ പത്രികയിൽ പദ്ധതി ചെലവ് ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നത് മുനിസിപ്പൽ എഞ്ചിനീയറാണ്. തൊഴിലുറപ്പ് പദ്ധതിക്കായി നഗരസഭ ഫണ്ടിൽ നിന്നുള്ള മുൻകൂറിന്റെയും ആയതിന്റെ ക്രമീകരണവും താഴെ ചേർക്കുന്നു.

| 01-04-2024 മുന്നിരിപ്പ് | 2024-25 ൽ എടുത്ത മുൻകൂർ | ആകെയുള്ള മുൻകൂർ | 2024-25 ൽ ക്രമീകരിച്ച മുൻകൂർ | 31.03.2025 ൽ ഒടുക്കാനുള്ളത് |
|---|---|---|---|---|
| 5888116/- | 217782/- | 6105898/- | 6105898/- | 0 |

2023-24 വർഷം ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയാണ്. പാസ്ബുക്ക്, ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2024-25 വർഷം ഈരാറ്റുപേട്ട നഗരസഭയിൽ നിന്ന് നൽകിയ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1461600/- | 132 |
| തൊഴിൽരഹിത വേതനം | 720/- | 1 |
| വിധവാപെൻഷൻ | 11004000/- | 826 |
| 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് അവിവാഹിത വനിതകൾക്ക് പെൻഷൻ | 144000/- | 12 |
| വികലാംഗപെൻഷൻ | 6326700/- | 457 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 38051900/- | 2723 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2026 തീയതിയിൽ 3.05 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 110629/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഈരാറ്റുപേട്ട നഗരസഭയിൽ ഓഡിറ്റ് വർഷം കെ സ്മാർട്ട് സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങളും ഫയൽ നടപടികളും നടത്തിയിട്ടുള്ളത്. നഗരസഭയിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1) വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല.
2) പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയതിൽ അപാകതകളുണ്ട്.
3) ചെലവ് വൗച്ചറുകൾ കെ സ്മാർട്ടിൽ പൂർണമായി അപ് ലോഡ് ചെയ്തിട്ടില്ല.
4) നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകൾ കെ സ്മാർട്ടിൽ അപ് ലോഡ് ചെയ്തിട്ടില്ല.
5) വിവിധ ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.
6) വിവിധ സർക്കാർ ഗ്രാന്റുകൾ അക്കൌണ്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/01/24-24/01/24 | 2022-23 | Lr.No.Audit-I/AMG-1(HQ)II/ I/C-3/8A-22/2023-24/192 Dt.15.09.23 |
| പെർഫോമൻസ് ഓഡിറ്റ് | 05/08/19-08/08/19 | 2013-14 മുതൽ 2018-19 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

## 1-11 റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ അപാകതകൾ നിലനിൽക്കുന്നു

1. കെ സ്മാർട്ടിൽ ലഭ്യമായ റിക്കൺസിലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകളിൽ ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് എന്നീ ഇനങ്ങളിൽ തുകകൾ ക്രമീകരിച്ച് ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് ബാലൻസുകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൌണ്ട് | ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, | ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് |
|---|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് – ഹെൽത്ത് ആൻഡ് വെൽനസ് 7215584312 | 608225 | 0 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തനത് ഫണ്ട് അക്കൗണ്ട് 67289530430 | 1717940+ 19800(old) | 3441907+5000(old) |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തനത് ഫണ്ട് അക്കൗണ്ട് 40346077325 | 5790 | 1793566 |

മേൽ പട്ടികയിൽ ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് എന്നീ ഇനങ്ങളിൽ ക്രമീകരിച്ച ചെക്കുകളുടെ വിശദാംശങ്ങൾ സോഫ്റ്റ് വെയറിൽ നിന്നും

ലഭ്യമാകാത്തതിനാൽ ചെക്കുകൾ കാലഹരണപ്പെട്ടതാണോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിലേക്കു അനുബന്ധ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിലേക്കുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/24-02-2026) മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. 076105300006555** നമ്പരിലുള്ള എസ്.ഐ.ബി അക്കൌണ്ടിൽ **159280** രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് ബി17 - ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം **160530** രൂപയുടെ നീക്കിയിരിപ്പുണ്ട്. ടി അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പൂർത്തീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(41/24-02-2026)** മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പരിശോധിക്കുന്നതിന് നഗരസഭ ലഭ്യമാക്കിയ കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലെ പരിമിതികൾ

**1)** കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ നഗരസഭയുടെ കൺസോളിഡേറ്റഡ് ഫീൽഡ് കളക്ഷൻ റിപ്പോർട്ട് ലഭ്യമല്ല. വാർഡ് തലത്തിലുള്ള ഫീൽഡ് കളക്ഷൻ റിപ്പോർട്ടും അസസ്മെന്റ് രജിസ്റ്ററുകളും മാത്രമാണ് വസ്തു നികുതി പരിശോധനയ്ക്ക് നിലവിൽ ലഭ്യമാകുന്നത്.

**2)** ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ (ഒരു സാമ്പത്തിക വർഷം നഗരസഭയിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ), നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ കൺസോളിഡേറ്റഡ് വിവരങ്ങൾ, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള **60** ച.മീ. താഴെ വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഒന്നും തന്നെ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമല്ല.

**3)** വസ്തുനികുതി നിർണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഫോം **6** കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. **Failed To Load Pdf File** എന്നാണ് ഫോം - **6** ഡൌൺലോഡ് ചെയ്യുമ്പോൾ കാണുന്നത്.

**4)** സഞ്ചയയിൽ **Search** > **Building Details** > **Functionality Option** -ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം നഗരസഭയിലെ എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങളേയും ഒന്നിച്ച് **Sort** ചെയ്ത് തെരഞ്ഞെടുക്കാമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള **Option** ഇല്ല. **Reports** > **Building Details** > **Building List Reports**> **Building Usage** ഓപ്ഷനിൽ വാർഡ് നമ്പറും **Subusage** ഉം സെലെക്റ്റ് ചെയ്ത് മാത്രമുള്ളതാണ് കെ-സ്മാർട്ടിലെ ഓപ്ഷൻ. ഓരോ വാർഡിലേയും പ്രത്യേകമായും അതിൽ ഓരോ **Building Usage** -ന്റേയും **Subusage** പ്രത്യേകമായുമാണ് **Sort** ചെയ്യാനാകുന്നത്. നഗരസഭയിലെ ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി **Sort** ചെയ്യാനുള്ള ഓപ്ഷൻ കെ-സ്മാർട്ടിൽ ഇല്ല. ടി തെരഞ്ഞെടുപ്പിന് **Reports** > **Building Details** > **Building List Reports**> **Building Usage** മാത്രം സെലെക്റ്റ് ചെയ്താൽ നഗരസഭയിലെ സെലെക്റ്റ് ചെയ്ത ഉപയോഗക്രമത്തിലെ എല്ലാ കെട്ടിടങ്ങളും ലഭിക്കുമായിരുന്ന സെർച്ച് ഓപ്ഷനായിരുന്നു നിലവിലുള്ളതിനേക്കാൾ അഭികാമ്യം.

**5) Unauthorised** കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ **Building Details** -ൽ **Building Type** ൽ **Sort** ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല.

**6)** കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഡൗൺലോഡ് ചെയ്താൽ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തിരിക്കുന്നത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റേയും അനുബന്ധ വിവരങ്ങളുടേയും വിവരങ്ങൾ വ്യക്തമല്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനായില്ല.

**7)** കെ-സ്മാർട്ടിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ കംപ്ലീഷൻ പ്ലാൻ ചേർത്തിട്ടില്ല. ഇവയുടെ വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**8)** ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ പാർക്കിങ്, റോഡ് വിവരങ്ങൾ ചേർത്തിട്ടില്ല.

**9)** സഞ്ചയയിൽ സൈൻ ചെയ്തിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. ഇവയുടെ കളക്ഷൻ ഡിമാന്റ് വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമല്ല. കെ-സ്മാർട്ടിൽ പുതിയതായി ചേർക്കുന്ന കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി നിർണ്ണയ വിവരങ്ങളാണ് പരിശോധിക്കാനാകുന്നത്.

കെ-സ്മാർട്ടിൽ സഞ്ചയയിൽ ലഭ്യമായിരുന്നതുപോലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭിക്കുന്നതിനും ഓഡിറ്റർ ലോഗിനിൽ കൂടുതൽ പ്രിവിലേജുകൾ ലഭ്യമാക്കുന്നതിനും വിഷയം **IKM** -ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 വസ്തുനികുതി പരിഷ്കരണം - സമഗ്രമായ ഫീൽഡ് പരിശോധന - തുടർ നടപടി വിവരങ്ങളില്ല

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ വിവിധ പരാമർശങ്ങൾ പ്രകാരം നഗരസഭാ പരിധിയിൽ ധാരാളം അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. വിവിധ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി അപാകതയുള്ളത് ക്രമീകരിച്ച് നികുതി ഡേറ്റാബേസ് കൃത്യമാക്കുന്നതിന് ഓരോ വാർഡ് തലത്തിലും പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ തുടങ്ങി എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും **20.06.2022**-ലെ ആർ.ബി.3/**178**/**2020**-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായാണ് **2019**-ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ, ചട്ടം **21**-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഉപയോഗക്രമം, പ്ലിന്ത് ഏരിയ, എയർ കണ്ടീഷൻ, തറ നിർമ്മിതിയുടെ തരം തുടങ്ങയവയിൽ വ്യത്യാസം വരുത്തുകയോ അധിക നിർമ്മാണം നടത്തുകയോ ചെയ്യുന്ന അപാകതയുണ്ടോ എന്ന് ഉറപ്പാക്കാതെ തുടരുന്നത് നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതിയിൽ കുറവു വരുന്നതിന് കാരണമാകുന്നുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള വാർഡ് തല ഫീൽഡ് പരിശോധന നടത്തി **31-03-2023** വരെയുള്ള വസ്തുനികുതി ഡേറ്റാബേസിലെ അപാകതകൾ പരിഹരിക്കാതെയും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാതെയും തുടരുന്നതാണ് ഇതിന് കാരണം.

**2023**-ലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ **22/03/2023** തീയതിയിലെ സ.ഉ.(കൈ) **77/2023**/തസ്വഭവ പ്രകാരം **31/03/2023** വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഫോറം **9B** ) കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം വസ്തുനികുതി പരിഷ്കരണ സംബന്ധമായുള്ള ജോലികൾ നിർവഹിക്കുന്നതിന് സ്ഥല പരിശോധന നടത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനും ഡാറ്റ എൻട്രി നടത്തുന്നതിനുമായി **2** പേരെ നിയമിക്കാമെന്നും ഘടനാപരമായി മാറ്റമുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ള ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിയുടെ **18.04.2023**-ലെ **4**- നമ്പർ തീരുമാനം/നിർദ്ദേശം നഗരസഭാ കൗൺസിലിന്റെ **25/04/2023**-ലെ **1 (1)** നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ഫീൽഡ് പരിശോധനയ്ക്കായി നഗരസഭ **4** താൽക്കാലിക ജീവനക്കാരെ **6** മാസത്തേക്ക് നിയോഗിക്കുകയും തുടർന്ന് ജീവനക്കാരുടെ കാലാവധി **22.10.2024** ൽ അവസാനിച്ചതിനാൽ **24.10.2024** മുതൽ **6** മാസത്തേക്കുകൂടി കാലാവധി നീട്ടിനൽകി **05.11.2024** ലെ തീരുമാന നം. **10 (1)** പ്രകാരം നഗരസഭാ കൗൺസിൽ യോഗം തീരുമാനിച്ചതായി കാണുന്നു. കെ സ്മാർട്ടിൽ ലഭ്യമായ ബിൽഡിങ് ലിസ്റ്റ് പ്രകാരം **15000** എണ്ണത്തോളം വസ്തുനികുതി അസസ്മെന്റുകളുള്ള നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ വസ്തുനികുതി ഡേറ്റയുടെ ഫീൽഡ് പരിശോധന സർക്കാർ നിർദ്ദേശം അനുസരിച്ച് പൂർത്തിയാക്കിയ ശേഷം അപാകത കണ്ടെത്തുന്ന കെട്ടിടങ്ങളുടെ റഗുലറൈസേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഫീൽഡ് പരിശോധന ഡാറ്റായുടെ അടിസ്ഥാനത്തിൽ നികുതി ഡേറ്റാബേസിന്റെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന വിവരവും

ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 10/18.02.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ കെ-സ്മാർട്ട് ഡാറ്റാ ബേസിലേക്ക് മാറ്റിയിട്ടുണ്ടോ എന്നതും ആകെ കെട്ടിടങ്ങളുടെ എണ്ണം, അവയിൽ കെ-സ്മാർട്ടിലേക്ക് മാറ്റിയതിന്റെയും മാറ്റാൻ അവശേഷിക്കുന്നവയുടെയും എണ്ണം, കെട്ടിടങ്ങൾ പൂർണ്ണമായി കെ-സ്മാർട്ടിലേക്ക് മാറ്റാൻ സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം, ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഒഴിവാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭയുടെ 2024-25 വാർഷിക ധനകാര്യ പത്രിക ബി 14 ഷെഡ്യൂൾ അനുസരിച്ച് വസ്തു നികുതിയനത്തിൽ 2 കോടി രൂപയിലധികം കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | **4311001 – Receivables For Property Tax (Current)** | **12789606/-** |
| 2 | **4311002 – Receivables For Property Tax ( Arrear)** | **8050066/-** |
| | ആകെ | **2,08,39,672/-** |

വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യം, നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/18.02.2026) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ കെ സ്മാർട്ട് ൽ നിന്നും ലഭ്യമായ **DCB** പത്രിക പ്രകാരം 2024-25 വർഷത്തെ വസ്തു നികുതി കുടിശ്ശിക 5,29,13,920.50/- രൂപയാണ്. ആയത് വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഐ കെ എം ആയി ബന്ധപ്പെട്ട് കെ സ്മാർട്ടിലെ വസ്തുനികുതി കുടിശിക കണക്കുകൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ട് സ്രോതസ്സുകൾ വളരെ കുറവായി നിൽക്കുന്ന സാഹചര്യത്തിലും, അനിവാര്യചെലവുകൾപോലും നിർവ്വഹിക്കാൻ കഴിയാത്തവിധം സാമ്പത്തികപ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴും നികുതി കുടിശ്ശിക വർദ്ധിക്കുന്ന പ്രവണത ആശാസ്യമല്ല. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി 27/6/2022 ലെ സ.ഉ.(കൈ) നം.218/2022 **Lsgd** ഉത്തരവ് പ്രകാരം കുടിശ്ശിക തുകയുടെ 100% പിരിച്ചെടുത്താൻ ബന്ധപ്പെട്ട ജീവനക്കാരന്റെ അടിസ്ഥാന ശമ്പള തുകയും, 95% നും 99% ഇടയിൽ പിരിച്ചെടുത്താൽ 50% തുകയും റിവാർഡായി അനുവദിക്കാവുന്നതാണ്. നികുതി പിരിവ് കുടിശ്ശിക ഉൾപ്പെടെ 100% പിരിച്ചെടുക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി കുടിശ്ശിക നിലനിൽക്കെ കെട്ടിട ഉടമസ്ഥാവകാശം കൈമാറി നൽകി

നഗരസഭ വാർഡ് 2 ൽ **M/S Raihan Pvt. Ltd.** എന്നവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 738,739,740,741 നമ്പർ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനായി **M/S Sunrise Academy Of Medical Specialities Pvt. Ltd.** എന്ന സ്ഥാപനം 27.11.2024 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇനത്തിൽ 2018-19 ഒന്നാം അർദ്ധവർഷം മുതൽ 24,64,719/- രൂപ കുടിശിക ഉള്ളതിനാൽ അപേക്ഷ പരിഗണിക്കുവാൻ സാധ്യമല്ല എന്നറിയിച്ചുകൊണ്ട് സ്ഥാപനത്തിന് കത്ത് (നം. R1-2722585/2024/14.12.2024) നൽകുകയും ചെയ്തിരുന്നു. തുടർന്ന് ടി സ്ഥാപനം ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതിയിൽ നിന്നും മുനിസിപ്പാലിറ്റിയുടെ കുടിശിക ഡിമാൻഡ് നോട്ടീസ് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവ് (**WPC No.45371/2024**) നേടുകയും ചെയ്തിട്ടുള്ളതാണ്. ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം 31.12.2024 തീയതിയിൽ **M/S Sunrise Academy Of Medical Specialities Pvt. Ltd.** ന് കൈമാറി നൽകിയിട്ടുള്ളതായും തുടർന്ന് 2024-25 രണ്ടാം അർദ്ധവർഷം മുതലുള്ള വസ്തുനികുതി അടവാക്കുന്നതിനായി സ്ഥാപനം അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. ടി അപേക്ഷയിന്മേലും

കുടിശിക സംബന്ധിച്ച് ബഹു . ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്മേലും സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.13/18.02.2026) മറുപടി ലഭ്യമായില്ല. ബഹു . ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായി വസ്തുനികുതി കുടിശിക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(5) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. നഗരസഭയിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതുമൂലം മേൽത്തരം തറനിർമ്മിതിയിന്മേലുള്ള വർദ്ധനവ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമ | വില്ലേജ് / സർവേ നം. | കെട്ടിട നമ്പർ/ കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|
| അൻസൽന കെ . ഐ മുതൽപേർ | ഈരാറ്റുപേട്ട 125/5-1, 125/6 | 20/2019 A, A1-A9 വാണിജ്യാവശ്യം | 295.7 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ |

ടി കെട്ടിടത്തിന്റെ ഫോം - 6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്. എന്നാൽ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്താതെയും നികുതി നിർണ്ണയിച്ചു. ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/18.02.2026) മറുപടിയായി വിഷയം ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-17 നഗരസഭ പരിധിയിലെ ടർഫ് നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/LSGD തീയതി-22.03.2023 പ്രകാരവും 05.04.2023 -ലെ സ.ഉ (അച്ചടി) നം.26/2023/LSGD നമ്പർ ഉത്തരവു പ്രകാരം നഗരസഭയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടികയും പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയുടെ 30.12.2023 ലെ തീരുമാനം നം. 16 പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിക്കുകയും അന്തിമ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം നഗരസഭ പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന Sportigo Sports City, നടയ്ക്കൽ എന്ന ടർഫ് കോർട്ടിനു

നിർമാണാനുമതി നല്കിയതിന്റെയും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(നം.17/18.02.2026)** മറുപടിയായി ടി സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഭൗതിക പരിശോധന നടത്തി നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ് .

## 1-18 തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു.

നഗരസഭയിൽ **05-04-2023** ലെ സ.ഉ.(അച്ചടി) നം.**26/2023/LSGD** പ്രകാരം **01-04-2023** പ്രാബല്യത്തിൽ വിവിധ ഉപയോഗക്രമങ്ങളും വസ്തുനികുതി നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) **300** ച.മീ.വരെയുള്ളവ, **300** ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് **12.60** രൂപയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത് (ഭരണസമിതി തീരുമാന നമ്പർ **16/30.12.2023**) . ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക താമസ ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിന് **300** ച.മീ.വരെയുള്ളവ , **300** ച.മീ. മുകളിലുള്ളവ എന്നിവയ്ക്ക് ച.മീറ്ററിന് യഥാക്രമം **73.50, 94.50** എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

ഈരാറ്റുപേട്ട വില്ലേജിൽ റീ സർവേ നം. **30/2-A** യിൽ നിർമ്മിച്ചിട്ടുള്ള **4** നിലകളിലായി **8** പാർപ്പിട യൂണിറ്റുകളുള്ള കെട്ടിടത്തിന് **28/A1-A8** എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം **996** ച. മീ. ആണ്. മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത് **(Occupancy Date: 05.11.2024)** സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന **300** ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ച.മീ.ന് **13.23** രൂപ നിരക്കിലാണ്. കെട്ടിടത്തിന്റെ പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ (പെർമിറ്റ് നം. **BA/182/2014-15/07.02.2021**) പരിശോധിച്ചപ്പോൾ കെട്ടിടത്തിലെ ഓരോ പാർപ്പിട യൂണിറ്റുകൾക്കും പ്രത്യകം അടുക്കള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിലെ പാർപ്പിട യൂണിറ്റുകൾ താമസാവശ്യത്തിനായി വാടകയ്ക്ക് നൽകുവാനായി നിർമ്മിച്ചിട്ടുള്ളതാണെന്ന് ഇതിൽ നിന്നും വ്യക്തമാണ് . മേൽ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട ഉടമ താമസിക്കുന്നതും ഹോം സ്റ്റേ ആയി വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ കെട്ടിടങ്ങൾക്ക് മാത്രമേ കുറഞ്ഞ നിരക്കിൽ നികുതി നിർണയിക്കാൻ സാധിക്കൂ. എന്നാൽ ഇത് പരിഗണിക്കാതെയാണ് മേൽ കെട്ടിടത്തിന് കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചത്. 'പാർപ്പിടാവശ്യം- ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ- **300** ച.മീ ൽ കൂടുതലുള്ളവയുടെ (ബേസ് റേറ്റ് - **94.50** / ച.മീ., **10%** വർദ്ധനവിന് ശേഷമുള്ള നിരക്ക് - **99.23**/ച.മീ.) ഗണത്തിൽപ്പെടുത്തിയായിരുന്നു മേൽ കെട്ടിടത്തിന് നികുതി നിർണയിക്കേണ്ടിയിരുന്നത് .

നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനം | കെട്ടിട നം./ഉടമയുടെ പേര്/ നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി (ഇളവുകളും വർദ്ധവനവുകളും ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് ച.മീറ്ററിന് 99.23 നിരക്കിൽ (ഇളവുകളും വർദ്ധവനവുകളും ഉൾപ്പെടെ) | നികുതിയിലെ കുറവ് ( സേവന ഉപനികുതിയും ലൈബ്രറി സെസും ഒഴികെ) |
|---|---|---|---|---|---|
| **1** | **28/34 A1-A8**<br>ജോസ് സെബാസ്റ്റ്യൻ<br>പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) **300** ച.മീ ൽ കൂടുതലുള്ളവ | **996** | **996x13.23 (5%** വാർഷിക വർദ്ധനവ് ) **= 13177/-**<br>റോഡ് **- 20%** വർദ്ധനവ് **- 2635/-**<br><br>ആകെ**-15,812/-** | **996x99.23 (5%** വാർഷിക വർദ്ധനവ് ) **= 98833/-**<br>റോഡ് **- 20%** വർദ്ധനവ് **- 19777/-**<br><br>ആകെ**-118600/-** | **102788/-** |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(16/18.02.26)** വസ്തുതകൾ

പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമായി. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ വന്നിട്ടുണ്ടോയെന്നുൾപ്പെടെ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കുറവ് വന്ന നികുതി **102788** രൂപ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 K-Smart വഴിയുള്ള പെർമിറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

**1. K-Smart** ൽ ഓഡിറ്റിനു അനുവദിച്ച ലോഗിൻ വഴി പരിശോധിച്ചതിൽ നിന്നും **01.04.204** മുതൽ **31.03.2025** വരെയുള്ള കാലഘട്ടത്തിൽ നഗരസഭയിൽ **Self Certified Permit** ആയി മാത്രം **677** ഫയലുകളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. എന്നാൽ **OFFICIAL LOGIN** പ്രകാരം ആകെ **277** പെർമിറ്റ് ഫയലുകൾ മാത്രമാണ് തൻ വർഷ റിപ്പോർട്ടിൽ ലഭ്യമാകുന്നത്. അതു പോലെ ജനറൽ പെർമിറ്റിൽ **40** പെർമിറ്റുകളുടെ ലിസ്റ്റാണ് ഓഡിറ്റിനു ലഭ്യമായത്. **Self Certified Permit** പരിശോധിക്കുമ്പോൾ അനുബന്ധ രേഖകളൊന്നും കെ സ്മാർട്ടിൽ ലഭ്യമായിട്ടില്ല. ഫയൽ പരിശോധിക്കുമ്പോൾ **New Building Undefined** എന്നാണ് സൈറ്റിൽ കാണിക്കുന്നത്. **2024-25** സാമ്പത്തിക വർഷം സെൽഫ് സർട്ടിഫൈഡ് പെർമിറ്റും ജനറൽ പെർമിറ്റും ഉൾപ്പെടെ ആകെ **277** ഫയലുകൾ വഴി മാത്രമാണോ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കേണ്ടതാണ്. ജനറൽ പെർമിറ്റ് ഫയലുകൾ **K Smart** വഴിയല്ലാതെ മാന്വൽ ആയി നഗരസഭയിൽ നിന്നും നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ എണ്ണവും മാന്വൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

**2.** ചില കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലുകളിൽ പാർക്കിംഗ് പ്ലാൻ അപ് ലോഡ് ചെയ്തിട്ടില്ല. നഗരസഭയിൽ പ്ലാൻ ലഭ്യമല്ല. ആയതിനാൽ നിയമാനുസൃതമായ പാർക്കിംഗ് സൗകര്യം കെട്ടിടങ്ങൾക്കുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല. ചില വസ്തുനികുതി നിർണ്ണയ ഫയലുകളിലും കംപ്ലീഷൻ പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ അപ്ലോഡ് ചെയ്തിട്ടില്ല.

**3. G.O(Ms) No:121/2021/LSGD; 28.06.2021** പ്രകാരം അപകടസാധ്യത കുറഞ്ഞ കെട്ടിടങ്ങളെ നിർണ്ണയിച്ചിരുന്നു. കുറഞ്ഞ അപകടസാധ്യത ഉള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ വേണ്ടിയുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ളതാണെന്ന് ഉടമസ്ഥനും ലൈസൻസിയും സംയുക്തമായി അപ്പന്റിക്സ് **A1A** പ്രകാരം സാക്ഷ്യപത്രം സമർപ്പിക്കണം. ചട്ടം **19A** പ്രകാരമുള്ള രേഖകളും ഇതൊടൊപ്പം സമർപ്പിക്കണം. അപ്പന്റിക്സ് **-O** യിൽ സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ പെർമിറ്റും അപേക്ഷകൻ നൽകണം. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ **5** ദിവസത്തിനകം സെക്രട്ടറി അപ്പന്റിക്സ് **AIB** യിൽ **Acknowledgement Of Receipt** അപേക്ഷകനു നൽകണം. ഇത് ഒരു കെട്ടിട നിർമ്മാണ പെർമിറ്റ് ആയി കണക്കാക്കുന്നതാണ്. ലോ റിസ്ക് കെട്ടിടങ്ങളുടെ നിർമ്മാണം പ്ലിന്ത് ലെവൽ പൂർത്തീകരിച്ചുകഴിഞ്ഞാൽ ലൈസൻസി അപ്പന്റിക്സ് **-P** യിൽ ഒരു പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതും സെക്രട്ടറിയ്ക്കു സമർപ്പിക്കേണ്ടതുമാണ്. ഇതൊടൊപ്പം പ്ലിന്ത് ലെവൽ നിർമ്മാണത്തിന്റെ ഫോട്ടോയും (തീയതി രേഖപ്പെടുത്തി) കെട്ടിട പ്ലാനും പ്ലോട്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ, സെറ്റ് ബാക്ക് വിശദാംശങ്ങൾ എന്നിവ ലൈസൻസിയും അപേക്ഷകനും ഒപ്പു വച്ച് സമർപ്പിക്കേണ്ടതാണ്. സൈറ്റ് പരിശോധിച്ച് **5** ദിവസത്തിനകം എതിരഭിപ്രായങ്ങളോ കുറിപ്പുകളോ സെക്രട്ടറി അപ്പന്റിക്സ് **-P** യിൽ തയ്യാറാക്കി അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ പ്ലിന്ത് ലെവൽ പരിശോധനയുടെ വിവരങ്ങളോ (അപ്പന്റിക്സ്-**P**) സൈറ്റ് പരിശോധന വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ചട്ടം **19 E** പ്രകാരം പ്ലിന്ത് ലെവൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കാതെ തുടർനിർമ്മാണം നടത്താൻ പാടുള്ളതല്ല. എന്നാൽ ഈരാറ്റുപേട്ട നഗരസഭയിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. **40/21.02.2026**) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫയലുകളുടെ കൃത്യമായ എണ്ണം, അനുബന്ധ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 അനധികൃത കെട്ടിടങ്ങൾ - ക്രമവൽക്കരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

**1.** കേരള മുനിസിപ്പാലിറ്റി ആക്ട് , സെക്ഷൻ **242(4)** പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ വാർഡ് തലത്തിൽ തയ്യാറാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ **K Smart** ൽ ഓഡിറ്റിനു ലഭ്യമാക്കിയ ലോഗിനിൽ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ലഭ്യമല്ല. **K Smart** ൽ ബിൽഡിംഗ് കൌണ്ട് പരിശോധിച്ചപ്പോൾ വെറും **9** കെട്ടിടങ്ങൾ അനധികൃതമാണ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ.

| ക്രമ നം. | വാർഡ് നം./പേര് | അനധികൃത കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 4 - നടൂപ്പറമ്പ് | 1 |
| 2 | 8 - ഇലക്കയം | 1 |
| 3 | 19 - വഞ്ചാങ്കൽ | 2 |
| 4 | 20 - ടൌൺ വാർഡ് | 2 |
| 5 | 26 - കോണ്ടൂർമല | 1 |
| 6 | 28 - അരുവിത്തുറ | 2 |
| ആകെ | | 9 |

എന്നാൽ ഏതൊക്കെ കെട്ടിടങ്ങളാണ് അനധികൃതമെന്നതിന്റെ വിശദാംശങ്ങൾ **K-Smart** ൽ ലഭ്യമല്ല.

**2.** അനധികൃത കെട്ടിടങ്ങൾക്കെതിരെ മുനിസിപ്പാലിറ്റി നിയമം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രസ്തുത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാകക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. **2024** ലെ ചട്ടം പ്രകാരം യാതൊരു കെട്ടിടവും ക്രമവൽക്കരിച്ചിട്ടില്ലായെങ്കിൽ, കോമ്പൌണ്ടിംഗ് ഫീ ആയി തുകയൊന്നും ലഭിച്ചിട്ടില്ലായെങ്കിൽ ആയതും മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

**3.** കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ **2024.(SRO No.172/2024;09.02.2024)** പ്രകാരം **07.11.2019** തീയതിയിലും അതു വരെയുമുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ്. ഇപ്രകാരം നഗരസഭയിൽ **31.03.2025** വരെ ലഭിച്ച അപേക്ഷകളും അനധികൃത കെട്ടിടങ്ങളെ സർക്കാർ കമ്മിറ്റി വഴി (ജില്ലാ ടൌൺ പ്ലാനർ, സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ക്രമവത്ക്കരിച്ചതിന്റെ വിശദാംശങ്ങളും (ഫയൽ നമ്പരുകൾ) ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(39/21.02.2026)** മറുപടി ലഭ്യമാക്കിയില്ല. കൂടാതെ യു.എ കെട്ടിടങ്ങൾക്ക് പ്രത്യേക ഡിമാൻഡ്-കലക്ഷൻ-ബാലൻസ് രജിസ്റ്റർ പരിപാലിക്കുന്നുവോയെന്നതും പരിശോധിക്കാനായില്ല. കുടിശ്ശിക തുക ഈടാക്കുവാനുണ്ടെങ്കിൽ പിഴപലിശ സഹിതം അടിയന്തിരമായി ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണതലത്തിലും ഉദ്യോഗതലത്തിലും തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിക്കേണ്ടതാണ്.

## 1-21 നഗരസഭയുടെ അനുമതിയില്ലാതെയുള്ള നിർമ്മാണം - തുടർ നടപടി സ്വീകരിച്ചില്ല

നഗരസഭാ പരിധിയിൽ അനധികൃത നിർമ്മാണം നടക്കുന്നത് സംബന്ധിച്ച് ശ്രീ. അമീർ അബ്ബാസ് എന്നയാൾ **28.03.2025** ൽ പരാതി നൽകുകയും (ഫയൽ നം. **806010-2025)** പരാതിയുടെ അടിസ്ഥാനത്തിൽ ഓവർസിയർ നടത്തിയ സ്ഥലപരിശോധനയിൽ പരാതിക്കാരനായ ശ്രീ അമീർ അബ്ബാസിന്റെ സമ്മതമില്ലാതെ ടിയാന്റെ അതിർത്തിയോട് ചേർന്ന് ശ്രീമതി സീനത്ത് എന്നയാൾ നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണം നടത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി അനധികൃത നിർമ്മാണം നിർത്തിവയ്ക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് അസിസ്റ്റന്റ് എൻജിനീയർ **11.04.2025** ൽ ടിയാൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. **12/18.02.2026)** മറുപടി ലഭ്യമാക്കിയില്ല.

അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനോ പൊളിച്ചു നീക്കുന്നതിനോ നടപടി സ്വീകരിക്കുന്നതിനായി സെക്രട്ടറി നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. **KMBR** ചട്ടങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവൽക്കരിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാതെയുള്ള അനധികൃത നിർമ്മിതികൾ നീക്കം ചെയ്യേണ്ടതാണ്. **2019** ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിക്കുകയോ പൊളിച്ചുമാറ്റുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട ഭാഗങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതുവരെ ആ ഭാഗങ്ങൾക്ക് **1994** ലെ കേരള മുനിസിപ്പൽ ആക്ട്, **235** എ എ വകുപ്പ് പ്രകാരം പ്രസ്തുത കെട്ടിട ഭാഗം നിയമാനുസൃതമായിരുന്നെങ്കിൽ ചുമത്തേണ്ടിയിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക കെട്ടിടം നിർമ്മിച്ച തീയതി മുതൽ വസ്തുനികുതിയായി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. സ്ഥലപരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

**2005** ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം-**3**, **9** എന്നിവ പ്രകാരം അർദ്ധ വാർഷിക വരുമാനം **12,000** രൂപയിൽ കുറവല്ലാത്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. **2024-2025** സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നികുതിക്ക് വിധേയരാകേണ്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങളും വരുമാന വിശദാംശങ്ങളും ശേഖരിച്ച് കൃത്യമായി നികുതി അസ്സസ് ചെയ്യുന്നതിലും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും വീഴ്ച്ച ഉണ്ടാകുന്നതായി കാണുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിക്കാത്തതുമൂലം ചില സ്ഥാപനങ്ങൾ പൂർണ്ണമായി തന്നെ ഡിമാന്റിൽ നിന്നും ഒഴിവായി പോകുന്നുണ്ടോയെന്നും നികുതി ഒടുക്കിയിട്ടും കുടിശ്ശികയായി പ്രതിഫലിക്കുന്ന സാഹചര്യമുണ്ടോയെന്നും വ്യക്തമല്ല. **2023 -2024** വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, **2024-2025** വർഷത്തെ കെ-സ്മാർട്ടിൽ നിന്നുള്ള **Detailed Head Wise Report**, ഓഡിറ്റിൽ ലഭ്യമാക്കിയ ഫയൽ, അർദ്ധ വാർഷിക വരുമാനത്തെ/ശമ്പളത്തെ സംബന്ധിച്ച സ്റ്റേറ്റ്മെൻറ് എന്നിവ പരിശോധിച്ചതിൽ **2023 -2024** വർഷത്തെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ **2024-2025** വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൊട്ടാരം സ്വീറ്റ് ഹൗസ് | I |
| 2 | താഴയിൽ നിധി പ്രൈവറ്റ് ലിമിറ്റഡ് | I |
| 3 | CCM ഓയിൽസ് | I, II |
| 4 | DDRC SRL | I |
| 5 | വൃന്ദാവൻ ഹോട്ടൽ | I |
| 6 | മുണ്ടമറ്റം സ്വീറ്റ് ബസാർ | I |
| 7 | SBI, അരുവിത്തുറ | I, II |
| 8 | ജിയോജിത് | II |
| 9 | ഈരാറ്റുപേട്ട ബ്ലോക്ക് കോഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | II |
| 10 | ഫെഡറൽ ബാങ്ക് | II |
| 11 | ജനതാ ഹോസ്പിറ്റൽ | II |
| 12 | റിലയൻസ് റീട്ടയിൽ | II |

| | | |
|---|---|---|
| 13 | അഗ്രിമല ഇന്റനാഷണൽ (ചാൾസ് തടിക്കൽ) | I, II |
| 14 | TTC മോൾഡിങ് | I |
| 15 | തടിക്കൽ ട്രേഡിങ് കമ്പനി | I |
| 16 | മീനച്ചിൽ താലൂക്ക് കോഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | II |
| 17 | അൽ മദീന ഹോട്ടൽ | I, II |
| 18 | ഭാരത് ലജ്ന മൾട്ടിസ്റ്റേറ്റ് ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി | II |
| 19 | ഈരാറ്റുപെട്ട ബ്ലോക്ക് അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി | II |
| 20 | KISCO ഡയഗ്നോസ്റ്റിക്ക് സെന്റർ | II |
| 21 | കേരള ബാങ്ക് (മോർണിംഗ് & ഈവനിംഗ് ബ്രാഞ്ച്) | II |
| 22 | KLM AXIVA | I, II |
| 23 | കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് | I |
| 24 | മുണ്ടമറ്റം ബേക്കേഴ്സ് | I, II |
| 25 | കാഞ്ഞിരക്കാട്ട് സിൽക്സ് | I, II |
| 26 | ലെതർ വേൾഡ് | II |
| 27 | മെഡികെയർ ഹോസ്പിറ്റൽ | I |
| 28 | റോയൽ ബേക്കറി | I, II |
| 29 | VDCL ലബോറട്ടറി | I |
| 30 | മീനച്ചിൽ ഫിനാൻസ് | I |
| 31 | ത്രിവേണി സൂപ്പർമാർക്കറ്റ് | I |
| 32 | കിഴതടിയൂർ സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് | I |
| 33 | വില്ലന്താനം ഹോമിയോപ്പതി | I, II |
| 34 | ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെൻറ്സ് | I, II |
| 35 | പൊന്തനാൽ സിൽക്ക് ഹൗസ് | I |
| 36 | പുളിക്കീൽ ടെക്സ്റ്റയിൽസ് | I, II |
| 37 | വിന്നർ ഹോട്ടൽ | I, II |
| 38 | റിലയൻസ് ട്രെൻഡ്സ് | II |
| 39 | PMC ഹോസ്പിറ്റൽ | I, II |
| 40 | താരക ടെക്സ്റ്റയിൽസ് | I, II |
| 41 | സെന്റ് ജോർജ് ഐ ഹോസ്പിറ്റൽ | I |
| 42 | BPCL (M J Mathew) | I |
| 43 | BSNL | I, II |
| 44 | ഫിഞ്ച് ഹോട്ടൽ | I |
| 45 | ഇന്ത്യൻ ബാങ്ക് | I, II |
| 46 | ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് | I |
| 47 | ചെറിയാൻ ഗ്യാസ് ഏജൻസീസ് | I |
| 48 | പർവീൻ ജനറൽ ട്രേഡിങ് കമ്പനി | I, II |

| | | |
|---|---|---|
| 49 | നിഷാ യൂണിഫോം ടെയ്‌ലറിങ് യൂണിറ്റ് | I |
| 50 | PSK ആയുർവേദ വൈദ്യശാല | I, II |
| 51 | വുഡ്‌ലാൻഡ് ഫർണിച്ചർ മാർട്ട് | I, II |
| 52 | വിൻമാർട്ട് സൂപ്പർമാർക്കറ്റ് | I, II |
| 53 | മീഡിയ ഓഫ്സെറ്റ് പ്രിന്റേഴ്സ് | I |
| 54 | തങ്കം ഫുഡ് പ്രോഡക്ട്സ് | I, II |
| 55 | സൂര്യ തീയേറ്റർ | I, II |
| 56 | HDFC ഈരാറ്റുപേട്ട | I |
| 57 | Axontex സെക്യൂരിറ്റി സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 58 | C-Soft കംപ്യൂട്ടർ എഡ്യൂക്കേഷൻ ആൻഡ് റ്റാലി അക്കാദമി, ഈരാറ്റുപേട്ട | I, II |
| 59 | എമെർജ് ഐ ഹോസ്പിറ്റൽ , ഈരാറ്റുപേട്ട | I, II |
| 60 | മാസ്സ് ട്രാവെൽസ് | I, II |
| 61 | സൺറൈസ് ഹോസ്പിറ്റൽ | I, II |
| 62 | റോയൽ പത്തിരി | I, II |
| 63 | PSK ഡെന്റൽ ക്ലിനിക്ക് | I, II |
| 64 | PSK പഞ്ചകർമ്മ ചികിത്സാകേന്ദ്രം | I, II |
| 65 | PSK ആയുർവേദ വൈദ്യശാല | I, II |
| 66 | ഡെന്റോ കെയർ ഡെന്റൽ ഹബ് | I, II |
| 67 | ടോംസ് ഹോമിയോ ഡിസ്പെൻസറി | I, II |
| 68 | VCM ഡെന്റൽ ക്ലിനിക്ക് | I, II |
| 69 | RK's Herbal Curing And Naturopathy | I, II |
| 70 | കാരുണ്യ ഡെന്റൽ ക്ലിനിക്ക് | I, II |
| 71 | സാൻജോസ് ഡെന്റൽ ക്ലിനിക്ക് | I, II |
| 72 | ആശീർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | I |
| 73 | കല്യാൺ ജൂവലേഴ്സ് | II |

മേൽ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം, ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 43/24.02.2026) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഓരോ വാർഡിലും പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-23 തൊഴിൽനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

**27.06.2024** ലെ സ.ഉ.(സാധാ) നം. **1149/2024/LSGD** നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച നിരക്കുകൾക്ക് **2024** രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ **2024** - രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി അസസ്മെന്റ്, ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിക്കുന്ന അർദ്ധ വാർഷിക വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| നം. | പേര് / തസ്തിക | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | സഹദ് പി എസ് | പൊന്തനാൽ സിൽക്ക് ഹൗസ് , ഈരാറ്റുപേട്ട | 45000 | 750 | 450 | 300 |
| 2 | മുഹമ്മദ് റാഫി | | 25000 | 450 | 180 | 270 |
| 3 | അജ്മൽ കെ എ | | 17500 | 320 | 120 | 200 |
| 4 | മുഹമ്മദ്ജാസിം | | 25000 | 450 | 180 | 270 |
| 5 | വിജയമ്മ | | 17500 | 320 | 120 | 200 |
| 6 | മനീഷ് | | 28000 | 450 | 180 | 270 |
| 7 | മറീന തോമസ് | സെന്റ്. ജോർജ് ഐ ഹോസ്പ്പിറ്റൽ ഈരാറ്റുപേട്ട | 42000 | 600 | 300 | 300 |
| 8 | ലിജി ജേക്കബ് | | 42000 | 600 | 300 | 300 |
| 9 | ഡാലി തോമസ് | | 42000 | 600 | 300 | 300 |
| 10 | ജെറിൻ ജോയ് | | 42000 | 600 | 300 | 300 |
| 11 | ഇർഫാന | | 42000 | 600 | 300 | 300 |
| 12 | ഷെൽന | | 42000 | 600 | 300 | 300 |
| 13 | അരുൺ രാജു | | 42000 | 600 | 300 | 300 |
| 14 | ആൽബിൻ അലക്സ് | | 42000 | 600 | 300 | 300 |
| 15 | നിഖിൽ | | 42000 | 600 | 300 | 300 |
| 16 | ശ്രീലക്ഷ്മി | | 42000 | 600 | 300 | 300 |
| 17 | അനുജ ലിജോ | | 42000 | 600 | 300 | 300 |
| 18 | സരിത ഡി | | 42000 | 600 | 300 | 300 |
| 19 | സുനിഷാ | | 42000 | 600 | 300 | 300 |
| 20 | സെലീന | മുണ്ടമറ്റം സ്വീറ്റ് ബസാർ | 62400 | 750 | 600 | 150 |
| 21 | ജിനു | | 54600 | 750 | 450 | 300 |
| 22 | ജിനോ | തങ്കം ഫുഡ് പ്രോഡക്ട്സ് | 62400 | 750 | 600 | 150 |
| 23 | മിനാലി | | 62400 | 750 | 600 | 150 |
| 24 | ജെയ്സൺ തോമസ് | മുണ്ടമറ്റം ബേക്കേഴ്സ് | 62400 | 750 | 600 | 150 |
| 25 | മോഹനൻ | | 62400 | 750 | 600 | 150 |
| 26 | സണ്ണി സ്കറിയ | എം ജെ മാത്യു , BPCL ഡീലേഴ്സ്, ഈരാറ്റുപേട്ട | 102000 | 1000 | 900 | 100 |
| 27 | രെജിത്ത് കുമാർ പി എസ് | | 102000 | 1000 | 900 | 100 |
| 28 | പ്രദീപ് കുമാർ പി എസ് | | 102000 | 1000 | 900 | 100 |
| 29 | ഷിബു രാഘവൻ | | 102000 | 1000 | 900 | 100 |
| 30 | സിബി സി തോമസ് | | 102000 | 1000 | 900 | 100 |
| 31 | സിന്ധു ജോയ് | | 102000 | 1000 | 900 | 100 |
| 32 | മാളവിക രാജു | അൽ മനാർ പബ്ലിക് | 60000 | 750 | 450 | 300 |
| 33 | ഷിജിനാ ടി എ | | 75000 | 750 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 34 | ബാസിമ സിയാന | | 54000 | 750 | 450 | 300 |
| 35 | ഷാമില എം ജെ | | 60000 | 750 | 450 | 300 |
| 36 | സബീന അസീസ് | | 49632 | 750 | 450 | 300 |
| 37 | സാമിതാ മോൾ | | 53232 | 750 | 450 | 300 |
| 38 | റെയ്ന എം എം | | 52272 | 750 | 450 | 300 |
| 39 | ആഷ്ന.കെ ആരിഫ് | | 48000 | 750 | 450 | 300 |
| 40 | ഹസീന ഇ ജെ | | 53214 | 750 | 450 | 300 |
| 41 | സുമി മോൾ | | 55932 | 750 | 450 | 300 |
| 42 | മുഹമ്മദ് ബിലാൽ | | 61800 | 750 | 600 | 150 |
| 43 | സാജിന ടി ഇസ്മായിൽ | | 47940 | 750 | 450 | 300 |
| 44 | അർഷാദ് | | 72000 | 750 | 600 | 150 |
| 45 | നിഷാനാ സലിം | സ്കൂൾ, ഈരാറ്റുപേട്ട | 48000 | 750 | 450 | 300 |
| 46 | ഫാത്തിമ അനസ് | | 66000 | 750 | 600 | 150 |
| 47 | സന്ധ്യ നായർ | | 43824 | 600 | 300 | 300 |
| 48 | ഷിജിനാ എ എ | | 48576 | 750 | 450 | 300 |
| 49 | സജിന സക്കീർ | | 56160 | 750 | 450 | 300 |
| 50 | അനു എം വി | | 41184 | 600 | 300 | 300 |
| 51 | ഫാത്തിമ കെ എ | | 42000 | 600 | 300 | 300 |
| 52 | റിൻസാ യൂനസ് | | 49200 | 750 | 450 | 300 |
| 53 | മുഹമ്മദ് ഷഫീക്ക് | | 49896 | 750 | 450 | 300 |
| 54 | സബൂറ അനസ് | | 42258 | 600 | 300 | 300 |
| 55 | മറിയത്ത് പി എച്ച് | | 34848 | 600 | 300 | 300 |
| 56 | ഹയറുന്നീസ | | 39600 | 600 | 300 | 300 |
| 57 | മറിയത്ത് കെ എ | | 36000 | 600 | 300 | 300 |
| 58 | സുൽത്താൻ.കെ.എസ് | | 54384 | 750 | 450 | 300 |
| 59 | അബ്ദുൾ ജബ്ബാർ | | 57000 | 750 | 450 | 300 |
| | ആകെ | | | 40990 | 26130 | 14860 |

ഇപ്രകാരം കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കാരണം, തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് പിന്നീട് ഈടാക്കിയിട്ടുണ്ടോ എന്ന വിവരം എന്നിവ രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 36/21.02.2026) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് 14,860/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, അല്ലാത്ത പക്ഷം കുറഞ്ഞ നിരക്ക് ഡിമാന്റ് ചെയ്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം-3 (2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും, കമ്പനികളിൽ നിന്നും, ബിസിനസ്സ് നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. കെ-സ്മാർട്ടിൽ നിന്നുള്ള **Detailed Head Wise Report** പരിശോധിച്ചതിൽ, നഗരസഭാ പരിധിയിലുള്ള പല സ്ഥാപനങ്ങളിൽ നിന്നും 2024-2025 വർഷത്തേക്കുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിക്കാത്തത് മൂലം ചില സ്ഥാപനങ്ങൾ പൂർണ്ണമായി തന്നെ ഡിമാന്റിൽ നിന്നും ഒഴിവായി പോകുന്നുണ്ടോയെന്നും നികുതി ഒടുക്കിയിട്ടും കുടിശ്ശികയായി പ്രതിഫലിക്കുന്ന സാഹചര്യമുണ്ടോയെന്നും വ്യക്തമല്ല. പരിശോധനയിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഭാരത് ലജ്ജ്ന മൾട്ടി സ്റ്റേറ്റ് ഹൗസിങ് കോഓപ്പറേറ്റീവ് സൊസൈറ്റി | II |
| 2 | ഈരാറ്റുപേട്ട ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | I |
| 3 | ജിയോജിത് ഫിനാൻസ് സർവീസസ് ലിമിറ്റഡ് | I |
| 4 | KISCO ഡയഗ്നോസ്റ്റിക് സെന്റർ | II |
| 5 | KPB നിധി ലിമിറ്റഡ് | II |
| 6 | LIC OF INDIA | II |
| 7 | മറീന ടൂറിസ്റ്റ് ഹോം | II |
| 8 | മീനച്ചിൽ കോ – ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് | II |
| 9 | മീനച്ചിൽ ഫിനാൻസ് ലിമിറ്റഡ് | II |
| 10 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | II |
| 11 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | I |
| 12 | ന്യൂ ഇന്ത്യ അഷ്വറൻസ് | I |
| 13 | PTMS ഓഡിറ്റോറിയം | II |
| 14 | റിലയൻസ് സ്മാർട്ട് പോയിന്റ് | II |
| 15 | റിലയൻസ് TRENDS | II |

മേൽ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം, ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.47/25.02.2026) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-25 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

01.02.2011-ലെ കേരള ഗസറ്റ് നമ്പർ 227-ൽ എസ്.ആർ.ഒ. നം.84/2011-ആയി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം നഗരസഭാ പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു

| നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പയ്യിൽ പെയിന്റ്സ് ഈരാറ്റുപേട്ട |
| 2 | ലൈഫ് സ്റ്റൈൽ ജിം ഈരാറ്റുപേട്ട |
| 3 | മടത്തിൽ ഹാർഡ്‌വെയർസ് ഈരാറ്റുപേട്ട |
| 4 | വൽഹല പബ് ഈരാറ്റുപേട്ട |
| 5 | ഗാലക്സി കർട്ടൻസ് ഈരാറ്റുപേട്ട |
| 6 | ടോട്ടൽ ടൂൾ സ്റ്റേഷൻ ഈരാറ്റുപേട്ട |
| 7 | പരാഗ് ഫാഷൻസ് ഈരാറ്റുപേട്ട |
| 8 | ചാകര ഫിഷ് സ്റ്റോർ ഈരാറ്റുപേട്ട |
| 9 | 200 ബഡാ ബസാർ ഈരാറ്റുപേട്ട |
| 10 | മൊതീൻകുന്നേൽ ഏജൻസീസ് ഈരാറ്റുപേട്ട |
| 11 | ഫ്രഷ് ആൻഡ് ഫ്രഷ് ഈരാറ്റുപേട്ട |
| 12 | കുഴിവേലിൽ ഹോം അപ്ലയൻസസ് ഈരാറ്റുപേട്ട |
| 13 | എസാ കരാട്ടെ അക്കാദമി ഈരാറ്റുപേട്ട |
| 14 | ലൈഫ്സ്റ്റൈൽ ലേഡീസ് ജിം ഈരാറ്റുപേട്ട |
| 15 | വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ് ഈരാറ്റുപേട്ട |
| 16 | പി എസ് എം പെയിന്റ്സ് ഈരാറ്റുപേട്ട |
| 17 | ഹോജാസ് സൂപ്പർമാർക്കറ്റ് ഈരാറ്റുപേട്ട |
| 18 | അല്‍ഹുദാ പൊല്യൂഷൻ ടെസ്റ്റിംഗ് സെന്റർ ഈരാറ്റുപേട്ട |
| 19 | ഗ്രീൻ സ്വീറ്റ്സ് ഈരാറ്റുപേട്ട |
| 20 | എ ജെ പ്രോ ഓഡിയോസ് ഈരാറ്റുപേട്ട |
| 21 | ഇഞ്ചക്കാടൻ സ്പെയർപാർട്സ് ഈരാറ്റുപേട്ട |
| 22 | സെൻട്രൽ ഹാർഡ്‌വെയർസ് ഈരാറ്റുപേട്ട |

മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/18-02-2026) മറുപടിയായി ഇവയിൽ ചില സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നും മറ്റുള്ളവയെ ലൈസൻസ് എടുപ്പിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447 പ്രകാരം നഗരസഭാ പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് 532 പ്രകാരം സെക്രട്ടറി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-26 നഗരസഭയുടെ വാടക നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(2) പ്രകാരമാണ് നഗരസഭ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകുമ്പോൾ നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ വാടക നടപടിക്രമങ്ങൾ

നിയമാനുസൃതമാക്കുന്ന നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതായി കാണുന്നില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കുത്തകക്കാർ പാലിക്കേണ്ടതും നഗരസഭയുടെ ഭാഗത്ത് നിന്നും ചെയ്യേണ്ടതുമായ നടപടികളുടെ വ്യവസ്ഥകൾ ക്രോഡീകരിച്ച് വാടക ബൈലോ തയ്യാറാക്കിയിട്ടില്ല. മേൽ നിയമത്തിലെ വകുപ്പ് 567 പ്രകാരം ബൈലോ തയ്യാറാക്കി വാടക നടപടികൾ ക്രമീകരിക്കേണ്ടതായിരുന്നു.

2024-25 വർഷം വാടകയ്ക്ക് നൽകാൻ പര്യാപ്തമായ എത്ര കെട്ടിടങ്ങൾ/കടമുറികൾ ഉണ്ട് എന്നതിന് സെക്രട്ടറി/ നഗരസഭ കൗൺസിൽ സാക്ഷ്യപ്പെടുത്തിയ ആധികാരികമായ രേഖകളില്ല. വാടക രജിസ്റ്റർ പ്രകാരം ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ്(2025 മാർച്ചിൽ പൊളിച്ചു), മാർക്കറ്റ് കോംപ്ലക്സ്, വനിത ഉൽപന്ന വിപണ കേന്ദ്രം എന്നീ ഷോപ്പിങ്ങ് കോംപ്ലക്സുകൾ ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ ആകെ എത്ര കടമുറികൾ ഉണ്ട്, അതിൽ എത്രയെണ്ണം ഒഴിഞ്ഞ് കിടക്കുന്നു, എത്ര എണ്ണം വാടകയ്ക്ക് നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്, അറ്റകുറ്റപ്പണികൾ നടക്കുന്നത്, ഫിറ്റ്നെസ് ഇല്ലാത്തത് തുടങ്ങിയ വിവരങ്ങൾ ഒന്നും ഔദ്യോഗികമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നഗരസഭയുടെ മറ്റ് ഏതെങ്കിലും കെട്ടിടത്തിന്റെ ഭാഗമായി കടമുറികൾ ഉണ്ടോ എന്ന് വ്യക്തമാക്കുന്ന സമഗ്രമായ വിവരങ്ങൾ ലഭ്യമല്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(3) പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ കുത്തകക്കാരനുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്. 2024-25 വർഷം 53 കുത്തകക്കാരുണ്ടായിട്ടും 4 പേരുമായി മാത്രമാണ് കരാറിലേർപ്പെട്ടത്. ഇപ്രകാരം നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കുന്നതിലുണ്ടാകുന്ന വീഴ്ച 1959- ലെ കേരള സ്റ്റാമ്പ് ആക്ട് വ്യവസ്ഥകളുടെ ലംഘനമാണ്. കരാറിൽ ഏർപ്പെടാത്തതിനാൽ വ്യവസ്ഥകൾ ലംഘിക്കുന്ന കുത്തകക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ പരിമിതി ഉണ്ടാകുന്നുവെന്ന് മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടവുമുണ്ടാകുന്നു

വാടക വിഷയത്തിൽ നിയമം അനുശാസിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ പാലിക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/17-02-2026) മറുപടി ലഭ്യമായില്ല.വാടകയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2024-25 വർഷം നഗരസഭയുടെ കടമുറികളിൽ കുത്തകക്കാരായിരുന്നവർ വാടക കുടിശ്ശിക വരുത്തി. വാടക രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | കുത്തകക്കാരൻ | മാസ വാടക | 2024-25 ലെ കുടിശിക |
|---|---|---|---|---|
| 1. | 23 | അനസ് പി പി | 2116 | 23276/- (04/24-02/25)*(2025 മാർച്ചിൽ കോംപ്ലക്സ് പൊളിച്ചു) |
| 2. | 16 | മുഹമ്മദ് സാലി പി. എസ്. | 4935/- | 59220/- (04/24-03/25) *(2025 മാർച്ചിൽ കോംപ്ലക്സ് പൊളിച്ചു) |
| 3. | 24 | റെജി പി എം | 2116 | 23276/- (04/24-02/25)* |
| 4. | 26 | സാബു മാത്യു | 2,116/- | 23276/- (04/24-02/25)* |
| 5. | 27 | ദിലീഫ് ബി | 2116/- | 23276/- (04/24-02/25)* |
| 6. | 54 | മുഹമ്മദ് നിജാസ് കെ കെ | 4100/- | 36900/- (04/24-12/24) |
| 7. | 56 | മാഹിൻ എ. ജബ്ബാർ | 4245/- | 50940/- (04/24-03/25) |
| 8. | 57 | മാഹിൻ എ. ജബ്ബാർ | 4245/- | 50940/- |

| | | | | |
|---|---|---|---|---|
| | | | | (04/24-03/25) |
| 9. | 59 | മാഹിൻ എ. ജബ്ബാർ | 4245/- | 42450/- (04/24-01/25) |
| 10 | 60 | മാഹിൻ എ ജബ്ബാർ | 4245/- | 42450/- (04/24-01/25) |
| 11 | 20 | ജോസ് തെക്കേൽ | 2116/- | 23276 (04/24-02/25) |
| 12 | 6 | സോജൻ ടി തോമസ് | 7752/- | 31008 (04/24-07/24) |
| 13 | 8 | ജോബി ജോസഫ് | 7752/- | 23256/- (04/24-06/24) |
| 14 | 14 | സൽജൻ മുഹമ്മദ് | 4935/- | 19740/- (04/24-07/24) |
| 15 | 15 | സൽജൻ മുഹമ്മദ് | 4935/- | 14805/- (04/24-06/24) |
| 16 | 32 | കെ എസ് മുഹമ്മദ് ബഷീർ | 2116/- | 10580/- (04/24-08/24) |
| 17 | 38 | എസ് കെ അബ്ദുൽ കാദർ | 8140/- | 89540/- (04/24-02/25)* |
| | | ആകെ | | 588209/- |

*2025 മാർച്ചിൽ കോംപ്ലക്സ് പൊളിച്ചു

വാർഷിക ധനകാര്യ പത്രികയിലെ ബി-14 ഷെഡ്യൂൾ പ്രകാരം 341876 രൂപയാണ് 2024-25ൽ വാടക ഇനത്തിൽ തൻവർഷ കുടിശ്ശികയായി കുടിശ്ശികയായി അവശേഷിക്കുന്നത്. എന്നാൽ ടി കണക്കുകൾ വാടക രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വാടക രജിസ്റ്ററിൽ ഡി.സി.ബി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാടക കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/17-02-2026) മറുപടി ലഭ്യമായില്ല. വാടക കണക്കിലെ പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതും, വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-27-1 മുൻവർഷം വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാർ തൻവർഷവും കുടിശ്ശിക വരുത്തി

2023-24 വർഷം വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാർ 2024-25 വർഷവും വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുത്തകക്കാരൻ | 2023-24 ലെ കുടിശ്ശിക | 2024-25 ലെ കുടിശിക |
|---|---|---|---|
| 1. | സാബു മാത്യു | 24180/- | 23276/- |
| 2. | മുഹമ്മദ് സാലി പി. എസ്. | 56400/- | 59220/- |
| 3. | മാഹിൻ എ. ജബ്ബാർ | 48516/- | 50940/- |
| 4. | മാഹിൻ എ. ജബ്ബാർ | 48516/- | 50940/- |
| 5. | മാഹിൻ എ. ജബ്ബാർ | 48516/- | 50940/- |

മേൽ സൂചിപ്പിച്ചവരെ തൻ വർഷവും കുത്തകക്കാരായി തുടരാൻ അനുവദിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. ഇവരെ വീണ്ടും തുടരാനും കുടിശ്ശിക വരുത്താനും ഇടവരുത്തിയത് വഴി നഗരസഭയുടെ വരുമാനത്തിൽ കുടിശ്ശികയുണ്ടായി. വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 വാടക നിക്ഷേപം മുതൽക്കൂട്ടാൻ രേഖകൾ സൂക്ഷിച്ചില്ല

31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം കുത്തകക്കാരിൽ നിന്നുള്ള 14.44 ലക്ഷം രൂപയുടെ വാടക നിക്ഷേപം അവശേഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത നിക്ഷേപം ഏതെല്ലാം കുത്തകക്കാർ ഏതെല്ലാം മുറികളുടെ കൈവശത്തിനാണ് ഒടുക്കിയത് എന്നതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ 2024-25 വർഷത്തെ കുത്തകക്കാർ എല്ലാവരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.

31-03-2025 ൽ 2024-25 വർഷത്തെ വാടകയിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം 341876/- രൂപയും മുൻവർഷ കാലയളവിലെ കുടിശിക ഇനത്തിൽ 32001/- രൂപയും ഈടാക്കാനുണ്ട്(കുടിശിക കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല). വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ വാടക നിക്ഷേപം നഗരസഭ ഫണ്ടിൽ സൂക്ഷിച്ചിരുന്നെങ്കിൽ കുടിശിക വരുത്തുന്ന പക്ഷം നിക്ഷേപം മുതൽക്കൂട്ടി തുടർനടപടി സ്വീകരിക്കാമായിരുന്നു. വാടക നിക്ഷേപ നടപടികൾ പാലിക്കാതെ നഗരസഭയ്ക്ക് വാടക വരുമാന കുടിശിക വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/17-02-2026) മറുപടി ലഭ്യമാക്കിയില്ല. വാടക നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ വാടക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും കുടിശ്ശിക വരുത്തിയവരുടെ വാടക നിക്ഷേപത്തിൽ നിന്ന് കുടിശ്ശിക മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 കടമുറികൾ വാടകയ്ക്ക് നൽകാതെ ഉപയോഗശൂന്യമാവുന്നു

1. നഗരസഭയുടെ ആസ്തിയിലുൾപ്പെട്ട വിവിധ കടമുറികൾക്ക് കുത്തകാവകാശം അനുവദിച്ച് നൽകാതെ തുടരുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | ഷോപ്പിംഗ് കോംപ്ലക്സ് |
|---|---|---|
| 1) | A 7 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് |
| 2) | A 8 | |
| 3) | B 3 | |
| 4) | 4/405 D | വനിതാ ഉൽപ്പന്ന വിപണനകേന്ദ്രം |
| 5) | 4/405 M | |

മുറികൾ വാടകയ്ക്ക് നൽകാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17-02-2026) മറുപടി ലഭിച്ചില്ല. കടമുറികൾ ലേലം ചെയ്ത് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ A4,B4,B5,B6,B7 എന്നീ മുറികൾ നഗരസഭാ ചെയർമാന്റെ നിർദ്ദേശപ്രകാരം അറ്റകുറ്റപ്പണിക്കായി അടച്ചിരിക്കുന്നതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷം മുഴുവൻ അടച്ചിട്ടിരുന്ന കടമുറികൾ നിലവിലും പണികൾ പൂർത്തീകരിച്ച് വാടകയ്ക്ക് നൽകിയിട്ടില്ല. മതിയായ സൗകര്യങ്ങൾ ഒരുക്കി മുറികൾ വാടകയ്ക്ക് നൽകാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17-02-2026) മറുപടി ലഭിച്ചില്ല. കടമുറികളുടെ പണികൾ പൂർത്തീകരിച്ച് ലേലം ചെയ്ത് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 രാജൻസ് മെട്രോ തീയേറ്ററിന്റെ വിനോദ നികുതി കുടിശ്ശിക നിലനിൽക്കുന്നു

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് വിനോദ നികുതി നിയമം വകുപ്പ്-3 പ്രകാരമാണ് സിനിമ തീയേറ്ററുകളിൽ സിനിമ പ്രദർശനത്തിനുള്ള ഫീസിൻമേൽ തദ്ദേശസ്വയംഭരണ സ്ഥാപനം വിനോദ നികുതി ചുമത്തേണ്ടതാണ്. 31-08-2019 ലെ സ.ഉ.(കൈ) നം.119/2019/തസ്വഭവ ഉത്തരവ് പ്രകാരം 01-09-2019 പ്രാബല്യത്തിൽ 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് ടിക്കറ്റ് വിലയുടെ 8.5%, 100 രൂപയിൽ കുറവുള്ള ടിക്കറ്റിന് ടിക്കറ്റ് വിലയുടെ 5% എന്നിങ്ങനെ വിനോദ നികുതി ബാധകമാണ്. തീയേറ്ററുകൾ സിനിമ പ്രദർശനത്തിനുള്ള ടിക്കറ്റിന്റെ GST ഒടുക്കുന്ന എണ്ണത്തിന് ആനുപാതികമായ ഓരോ മാസത്തെയും വിനോദ നികുതി തൊട്ടടുത്ത മാസം 3-ാം തീയതിക്ക് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

ഒടുക്കേണ്ടതാണ്.

ഈരാറ്റുപേട്ട നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന രാജൻസ് മെട്രോ തീയേറ്ററിന്റെ വിനോദ നികുതി **2024-25** വർഷം ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. തിയേറ്ററിൽ നിന്ന് ലഭ്യമായ ഡി.സി.ആർ പ്രകാരം **2024** ഏപ്രിൽ മുതൽ നവംബർ വരെയുള്ള കുടിശ്ശിക **344050/-** രൂപയാണ്. ഇതിന്റെ പലിശയായ **55044/-** രൂപയടക്കം തൻ വർഷ കുടിശ്ശിക **399094/-** രൂപയുണ്ട്. കൂടാതെ **2024** ഡിസംബർ മുതൽ **2025** മാർച്ച് മാസം വരെയുള്ള വിനോദനികുതിയും നഗരസഭയിൽ അടച്ചിട്ടില്ല. ഇതോടൊപ്പം മുൻവർഷ കുടിശ്ശികയായി **121232/-** രൂപയും പലിശയായ **10709/-** രൂപയുമടക്കം **131941/-** രൂപ ഈടാക്കാൻ ശേഷിക്കുന്നുണ്ട്. നഗരസഭയിലെ ഫയലുകൾ പരിശോധിച്ചതിൽ കുടിശ്ശിക വിവരങ്ങൾ ലഭ്യമാണെങ്കിലും, വാർഷിക കണക്കുകളിൽ കുടിശ്ശിക ഉൾപ്പെട്ടിട്ടില്ല.

**1961** ലെ കേരള ലോക്കൽ അതോറിറ്റീസ് വിനോദ നികുതി നിയമം, അനുബന്ധമായ സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവയുടെ വ്യക്തമായ ലംഘനം തുടർന്നു പോരുന്നത് സംബന്ധിച്ചും വിനോദ നികുതിയിനത്തിൽ നഗരസഭയുടെ തനത് വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(9/18-02-2026)** മറുപടി ലഭ്യമായില്ല. കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-31 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.

**1997**-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം **3** പ്രകാരം ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. കൂടാതെ, ടി ചട്ടങ്ങളിലെ ചട്ടം **5** ഉപചട്ടം **(1)** പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതുമാണ് **(5** വർഷക്കാലത്തേയ്ക്ക്). ഈരാറ്റുപേട്ട നഗരസഭാ പരിധിയിൽ **2024-2025** വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച ഫയലുകൾ , നഗരസഭയിലെ ലൈസൻസ് / തൊഴിൽ നികുതി സംബന്ധിച്ച കെ സ്മാർട്ട് ലെഡ്ജറുകൾ എന്നിവ പരിശോധിച്ചതിൽ, നഗരസഭാ പരിധിയിലുള്ള ഏതാനും സ്വകാര്യ ആശുപത്രികളും , സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കാതെയോ, രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്നതായി കാണുന്നു. ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തതിന്റെയോ , പുതുക്കിയതിന്റെയോ വിവരം ബന്ധപ്പെട്ട രജിസ്റ്ററിലോ ഫയലിലോ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| **1** | എമർജ് മെഡിക്കൽ കെയർ ഐ ക്ലിനിക് |
| **2** | **DDRC SRL** ഡയഗ്നോസ്റ്റിക്സ് |
| **3** | **DE** നഴ്സിങ് ഹോം |
| **4** | **KISCO** ഡയഗ്നോസ്റ്റിക്ക് സെന്റർ |
| **5** | കൊല്ലംപറമ്പിൽ ഡെന്റൽ ക്ലിനിക് |
| **6** | മാതാ ക്ലിനിക്കൽ ലാബോറട്ടറി |
| **7** | മെഡികെയർ ഹോസ്പിറ്റൽ |
| **8** | മോഡേൺ ക്ലിനിക്കൽ ലാബോറട്ടറി |
| **9** | നരിപ്പാറ ഡെന്റൽ ക്ലിനിക് |
| **10** | **PMC** ഹോസ്പിറ്റൽ |
| **11** | പ്രോ ഡെന്റ് കെയർ ഡെന്റൽ ലാബ് |
| **12** | സ്മാർട്ട് മെഡിപ്ലസ് ലാബോറട്ടറീസ് |

| | |
|---|---|
| 13 | സൺറൈസ് ഹോസ്പിറ്റൽ |
| 14 | വി ഡി സി എൽ ലാബോറട്ടറി |
| 15 | വില്ലന്താനംസ് ഹോമിയോപ്പതി |
| 16 | പടവൻസ് ഡെന്റൽ ക്ലിനിക് |
| 17 | സി & എൻ സ്പെഷ്യാലിറ്റി ഫോർ ഇ എൻ റ്റി & ഓർത്തോപീഡിക്ക്സ് |
| 18 | ഡി ഡി ആർ സി അജിലസ് പാത്ത് ലാബ്സ് |
| 19 | ആസ്റ്റർ ലാബ്സ് |

മേൽ അപാകതകൾ സംബന്ധിച്ച് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തതിന്റെ /രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 47/25.02.2026 ) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്നും യഥാസമയം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതും, രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-32 തനത് ഫണ്ട് ചെലവുകളുടെ രേഖകൾ പൂർണമായും പരിശോധനക്ക് ഹാജരാക്കിയില്ല

**2024-25** വർഷം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക ചെലവഴിച്ച ഇനം,ലഭ്യമാകാത്ത രേഖ | വൗച്ചർ നം./തീയതി | തുക |
|---|---|---|---|
| 1 | നഗരസഭയിലെ വാഹനങ്ങൾക്ക് ഇന്ധനം നിറച്ചതിന്റെ തുകയായി സി.സി.എം ഓയിൽസ് എന്ന സ്ഥാപനത്തിന് നൽകിയ തുകയുടെ ചെലവ് രേഖകളും ബില്ലുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 001386/16.04.2024 | 200961/- |
| 2 | നഗരസഭയുടെ പിക്കപ്പ് വാൻ റിപ്പയർ ചെയ്യുന്നതിനുള്ള അഡ്വാൻസായി അനീസ വി എച്ച് എന്ന വ്യക്തിക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ച് ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 722443/20.04.2024 | 5000/- |
| 3 | മീനച്ചിലാറ്റിലെ പ്ലാസ്റ്റിക് നീക്കം ചെയ്തതിന് ചെലവായ തുകയായി ശ്രീമതി അനീസക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 348621/17.05.2024 | 33490/- |
| 4 | ഹരിതകർമ്മസേനക്ക് പടുത വാങ്ങിയതിന്റെ തുകയായി ശ്രീമതി അനീസ വി എച്ചിന് 57000/- രൂപ നൽകിയിരുന്നു. ശേഷിക്കുന്ന 3000 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 348640/05.06.2024 | 60000/- |

| | | | |
|---|---|---|---|
| 5 | നഗരസഭയിലെ 1,2 വാർഡുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചതിന്റെ തുകയായി ഇൻഫോസോൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിന് 33900 രൂപ നൽകിയിരുന്നു .എന്നാൽ സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ ടെൻഡർ നടപടി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 420756/12.07.2024 | 33900 |
| 6 | മഴക്കാലപൂർവ്വ ശുചീകരണത്തിനായി നഗരസഭയിലെ പി.എച്ച്.ഐമാരായ സോണിമോൾ ഇ.പി,അനീസ വി എച്ച് എന്നിവർക്ക് നൽകിയ തുകകളുടെ പ്രവൃത്തി നടത്തിയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 529339/5.09.24,529340/05.092024 | 280000 |
| 7 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്തതിന്റെ തുകയായി എക്സലന്റ് പ്രിന്റിംഗ് സെന്റർ എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ ടെൻഡർ നടപടി വിശദാംശങ്ങളും ചെലവ് രേഖകളും ഫയലിലില്ല. | 420806/26.09.2024 | 37570/- |
| ആകെ | | | 593921/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/25-02-2026) മറുപടി ലഭ്യമായില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ 593921/- രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32-1 നടപടികൾ പാലിക്കാതെ നഗരസഭയിൽ നിന്ന് പഠനയാത്ര നടത്തി

നഗരസഭയിൽ നിന്ന് പഠനയാത നടത്തിയതിന് മെറിഡിയൻ ടൂർസ് എന്ന സ്ഥാപനത്തിന് വൗച്ചർ നം.370780/06.06.2024 പ്രകാരം 72500/- രൂപ നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പഠനയാത്രയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിരുന്നോ എന്നും വ്യക്തമല്ല. പഠനയാത്ര നടത്തുന്നതിന് അനുവാദം നൽകുന്ന ഉത്തരവ്, യാത്ര സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യാക്കിയിട്ടില്ലാത്തതിനാൽ 72500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ജീവനക്കാരുടെ ശമ്പള റിക്കവറികൾ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിൽ കാലതാമസം

നഗരസഭയിൽ ജോലി ചെയ്യുന്ന എല്ലാ സ്ഥിര ജീവനക്കാരുടേയും ഓരോ മാസത്തെയും ശമ്പളത്തിൽ നിന്നുമുള്ള വിവിധ റിക്കവറികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2024-25 വർഷത്തെ ചെലവ് വൗച്ചറുകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ തൻവർഷം ജീവനക്കാരുടെ SLI, GIS, പ്രോവിഡന്റ് ഫണ്ട്, പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരൊഴികെയുള്ളവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനങ്ങളിലുള്ള തുകകൾ അതത് മാസം ഒടുക്ക് വരുത്താതെ പിന്നീടുള്ള മാസങ്ങളിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിക്കവറി മാസം | ആകെ റിക്കവറി തുക | തുക അടവാക്കിയ ചെക്ക് നം./തീയതി |
|---|---|---|---|
| 1 | 07/2024 | 576807/- | 2470447/07.10.2024 – 117500/-<br>2470448/07.10.2024 – 459307/- |

| | | | |
|---|---|---|---|
| 2 | 08/2024 | - | 2470449/07.10.2024 – 124509/-* |
| 3 | 09/2024 | 594620/- | 2470456/13.01.2025 – 119261/-<br>2470457/13.01.2025 – 475359/- |
| 4 | 10/2024 | 639309/- | 2470458/27.01.2025 – 127047/-<br>2470463/05.02.2025 – 512262/- |
| 5 | 11/2024 | 602956/- | 2470459/28.01.2025 – 94019/-<br>2470464/11.02.2025 – 508937/- |
| 6 | 12/2024 | 607353/- | 2470465/20.02.2025 – 106992/-<br>2470466/20.02.2025 – 500361/- |

* റെഗുലർ ജീവനക്കാരുടെ ശമ്പള റിക്കവറികൾ മാത്രമാണ് ഒടുക്കിയിട്ടുള്ളതായി കാണുന്നത്. മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ റിക്കവറികൾ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

ജീവനക്കാരുടെ ശമ്പള റിക്കവറികൾ അതത് മാസങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/21.02.2026) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ റിക്കവറികൾ യഥാസമയം തന്നെ സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുനിസിപ്പൽ ജീവനക്കാരുടെ 08/2024 ലെ റിക്കവറിയുടെ വിശദാംശങ്ങളും തുക സർക്കാരിലേക്ക് ഒടുക്കിയതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 അഭിഭാഷകർക്കുള്ള പ്രതിഫലം - ആദായ നികുതി ടി.ഡി.എസ്. നടത്തുന്നില്ല

നഗരസഭക്ക് വേണ്ടി വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ ഹാജരായി തുടർനടപടികൾ സ്വീകരിച്ചതിന് പ്രതിഫലമായി തൻവർഷം അഡ്വ.സുനിൽ മുഹമ്മദിന് 45,000/- രൂപ വൗച്ചർ നം 420791/30-08-2024 പ്രകാരം അനുവദിച്ചിട്ടുണ്ട്.

1961-ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം സാമ്പത്തിക വർഷം വക്കീൽ ഫീസിനത്തിൽ ഒരു അഭിഭാഷകന് നൽകുന്ന തുക 30000/- രൂപയിൽ അധികമാവുകയാണെങ്കിൽ 10% തുക ആദായനികുതി ടി.ഡി.എസ്. ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ ടി.ഡി.എസ് നടത്താതെയാണ് നഗരസഭ പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20-02-2026) മറുപടി ലഭ്യമായില്ല. ആദായനികുതി ടി ഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും 10% ആദായ നികുതി ടി.ഡി.എസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-35 നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കിന് തുക നൽകി

നഗരസഭയിലെ ഇരുപത്തെട്ടാം വാർഡിലെ കോളേജ് റോഡിലെ ഡ്രെയിനേജ് സ്ലാബ് റിപ്പയർ ചെയ്യാനുള്ള പെറ്റി വർക്ക് നടത്തുന്നതിന് ഫാസിയ പി ഡി എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്ന് വൗച്ചർ നം 722472/30.07.2024 മുഖേന 44532/- രൂപ നൽകിയിട്ടുണ്ട്. നഗരസഭയിൽ അടിയന്തിര ഘട്ടങ്ങളിൽ 40,000/- രൂപ വരെയുള്ള വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡിപിസിയുടെ മുൻകൂർ അനുമതിയില്ലാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ സാങ്കേതിക അനുമതിയോടു കൂടി ചെയ്യാവുന്നതാണെന്നും പിന്നീട് ഡിപിസിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും 39957/ഡിബി/2009/തസ്വഭവ തീയതി 08.08.2009 നമ്പർ സർക്കാർ കത്തിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിക്കാതെ 40000/- രൂപക്ക് മുകളിലുള്ള റിപ്പയർ വർക്കുകളുടെ തുക തനത് ഫണ്ടിൽ നിന്ന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/25-02-2026) മറുപടി ലഭ്യമായില്ല. നടപടിക്രമങ്ങൾ പാലിക്കാതെ തനത് ഫണ്ടിൽ നിന്ന് തുക നൽകിയതിന് വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ മേൽ പ്രവൃത്തിയുടെ ചെലവ് രേഖകൾ കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ ലഭ്യമല്ല. 44532/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/25-02-2026) മറുപടി ലഭ്യമായില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 44532/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 HDPE ചട്ടികൾ വാങ്ങൽ - വാറന്റി, സ്പെസിഫിക്കേഷൻ എന്നിവ ഉറപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | S0 034/25<br>ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറിക്കൃഷി ടെറസിലും മുറ്റത്തും -പോട്ടിങ്ങ് മിശ്രിതം നിറച്ചത് - തൈ ഉൾപ്പെടെ |
| അടങ്കൽ, ഫണ്ടിനം | 400000/-<br>വികസന ഫണ്ട് - Rs. 300000 /-<br>ഗുണഭോക്തൃ വിഹിതം - Rs. 100000 /- |
| ചെലവ് | ആകെ : Rs.4,00,000 /-<br>വികസന ഫണ്ട് - Rs. 3,00,000 /-<br>ഗുണഭോക്തൃ വിഹിതം - Rs. 100000 /- |
| ബിൽ നമ്പർ, തീയതി | No.204 Dtd. 08.01.2025 തുക - 3,00,000 /-<br>BRN No. 3126406701240008 Dtd. 08.01.2025 തുക - 1,00,000 /-(ഗുണ. വിഹിതം ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ഈരാറ്റുപേട്ട നഗരസഭ |

"ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറിക്കൃഷി ടെറസിലും മുറ്റത്തും -പോട്ടിങ്ങ് മിശ്രിതം നിറച്ചത് - തൈ ഉൾപ്പടെ" എന്ന പ്രോജക്റ്റിനായി 2000/- രൂപ നിരക്കിൽ 200 യൂണിറ്റ് (10 എണ്ണം അടങ്ങുന്ന 1 യൂണിറ്റ് ) HDPE ചട്ടികൾ (പോട്ടിങ്ങ് മിശ്രിതം, തൈകൾ എന്നിവ നിറച്ചത്) കൃഷിമിത്ര കാർഷിക സേവനകേന്ദ്രം, തിടനാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 30.10.2023 ലെ സ.ഉ. (സാധാ) നം.2118/2023/LSGD നമ്പർ ഉത്തരവ് പ്രകാരം കാർഷിക പ്രോജക്റ്റുകൾക്കായി വാങ്ങുന്ന HDPE ചട്ടികൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ, 5 വർഷത്തെ വാറന്റി എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 09.04.2024 ലെ സർക്കുലർ നം. ഡിഎ1/25/2024-തസ്വഭവ പ്രകാരം HDPE ചട്ടികൾക്ക് 5 വർഷത്തെ വാറന്റി നിർബന്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലേക്കായി ചട്ടികളിൽ അവ ഉൽപ്പാദിപ്പിക്കുന്ന കമ്പനിയുടെ വിവരങ്ങൾ, ഉൽപ്പാദിപ്പിക്കുന്ന മാസം, വർഷം എന്നിവ രേഖപ്പെടുത്തണമെന്നും, HDPE ചട്ടികൾ വാങ്ങുന്ന പർച്ചേസ് ബില്ലിലും 5 വർഷത്തെ വാറന്റി ലഭ്യമാണെന്ന് നിർബന്ധമായി രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് ഫയലിൽ ലഭ്യമാക്കിയ പർച്ചേസ് ബില്ലിൽ ചട്ടികളുടെ സ്പെസിഫിക്കേഷൻ, 5 വർഷത്തെ വാറന്റി സംബന്ധിച്ച സർട്ടിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചട്ടികളിൽ ടി വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 47/25.02.2026) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ ചട്ടികൾക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള സ്പെസിഫിക്കേഷൻ, വാറന്റി എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിവരം ലഭ്യമല്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച് നഗരസഭയിൽ അടച്ച തുക, ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ഫണ്ട് റിക്വിസിഷൻ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ആയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കിയ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ടി തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടി തുക ചെലവഴിച്ചതിന്റെ വിവരം 2024-2025 വർഷത്തെ IKM ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ആകെ ചെലവ് | ഗുണഭോക്തൃ വിഹിതം | സ്ഥാപനം | റിക്വിസിഷൻ നം. /തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | ഇനത്തിൽ ചെലവഴിച്ച തുക | | |
| 1 | SO 034/25 | ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിഗ് മിശ്രിതം നിറച്ചത് തൈ ഉൾപ്പെടെ | 400000 | 100000 | കൃഷിമിത്ര കാർഷിക സേവനകേന്ദ്രം, തിടനാട് | 3126406701240008/ 08.01.2025 |
| 2 | SO 040/25 | ഞങ്ങളും കൃഷിയിലേക്ക് മൺചട്ടിയിൽ പോട്ടിഗ് മിശ്രിതം നിറച്ച് കുറ്റിക്കുരുമുളക് തൈകൾ വിതരണം | 105000 | 26250 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വൈക്കം | 3126406701240002/ 09.12.2024 |
| 3 | SO 042/25 | ഞങ്ങളും കൃഷിയിലേക്ക് - ഇടവിള കൃഷിക്ക് ഡോളോമൈറ്റ് വിതരണം | 30000 | 7500 | വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള | 3126406701240005/ 01.01.2025 |

ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൈപ്പറ്റ് വിവരം, തുക ചെലവഴിച്ചതിന്റെ വിവരം IKM ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 18/18.02.2026) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-38 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | SO 368/25<br>ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 700000/-<br>മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) |
| ചെലവ് | 700000/- |
| ബിൽ നമ്പർ, തീയതി | No. 121 Dtd. 30-10-2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ), ഹോമിയോഡിസ്പെൻസറി, |

| | |
|---|---|
| | ഈരാറ്റുപേട്ട നഗരസഭ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് **7,00,000/-** രൂപ കൈമാറിയിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ **573240/-** രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. **126760/-** രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ, ടി മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. **05/17.02.2026**) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ **1,26,760/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

1. കേന്ദ്രാവിഷ്കൃത വിഹിതം ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | **SO 016/25**<br>അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ, ഫണ്ടിനം | **3100000/-**<br>വികസന ഫണ്ട് - **Rs. 1500000 /-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് - **Rs. 1600000 /-** |
| ചെലവ് (**IKM** ചെലവ് പത്രിക പ്രകാരം ) | ആകെ : **Rs. 2466269/-**<br>വികസന ഫണ്ട് - **Rs. 1463559 /-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് - **Rs. 1002710/-** |
| നിർവ്വഹണോദ്യോഗസ്ഥൻ | **ICDS** സൂപ്പർവൈസർ , ഈരാറ്റുപേട്ട നഗരസഭ |

**ICDS** സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി അനുപൂരക പോഷകാഹാര പദ്ധതിയിലെ പച്ചക്കറി, ഇന്ധനം എന്നിവയ്ക്കായി ചെലവഴിച്ച തുക അങ്കണവാടി ജീവനക്കാർക്ക് തിരികെ നൽകുന്നതിനായി കേന്ദ്രാവിഷ്കൃത ഫണ്ട് ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും **159641/-** രൂപ പിൻവലിക്കുന്നതിനുള്ള റിക്വിസിഷൻ (**No.3126416201240013 Dtd 03.01.2025**) ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് നമ്പർ **529416** തീയതി : **24.01.2025** പ്രകാരം **8405 /-** രൂപ , ചെക്ക് നമ്പർ **529417** തീയതി : **24.01.2025** പ്രകാരം **151236 /-** രൂപ , എന്നിങ്ങനെ ആകെ **159641 /-** രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിവരം, **2024-2025** വർഷത്തെ **IKM** ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. തുക ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകിയതിന്റെ വിശദാംശങ്ങൾ, ടി തുക ചെലവഴിച്ചതിന്റെ വിവരം **IKM** ചെലവ് പത്രികയിൽ തുക ഉൾപ്പെടാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. **19/18.02.2026**) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ജീവനക്കാർക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ **1,59,641/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.അമൃതം ന്യൂട്രിമിക്സ് വിതരണം- സ്റ്റോക്കിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | **SO 016/25**<br>അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ, ഫണ്ടിനം | **3100000/-**<br>വികസന ഫണ്ട് - **Rs. 1500000 /-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് - **Rs. 1600000 /-** |
| ചെലവ് (**IKM** ചെലവ് പത്രിക | ആകെ : **Rs. 2466269/-** |

| | |
|---|---|
| പ്രകാരം ) | വികസന ഫണ്ട് - **Rs. 1463559 /-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് - **Rs. 1002710/-** |
| ബിൽ റിക്വിസിഷൻ നമ്പർ/ തീയതി, തുക | **3126416201240003/30.07.2024 , Rs. 163575 /-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥ | **ICDS** സൂപ്പർവൈസർ , ഈരാറ്റുപേട്ട നഗരസഭ |

**ICDS** സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി അനുപൂരക പോഷകാഹാര പദ്ധതിയിലെ **THRS** അമൃതം ന്യൂട്രിമിക്സ് **01.04.2024, 14.05.2024** എന്നീ തീയതികളിൽ വിവിധ അങ്കണവാടികളിൽ എത്തിച്ച് വിതരണം നടത്തിയ ഇനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പടെ **163575/-** രൂപ ജീവൻ ശ്രീ ആൻഡ് ജീവാ ജ്യോതി അമൃതം ഫുഡ് മിക്സ് യൂണിറ്റ്, തലപ്പലം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ഇൻവോയിസ് നം. /തീയതി | ബിൽ പ്രകാരം വിതരണം ചെയ്ത അളവ് | തുക | ആകെ രൂപ |
|---|---|---|---|
| **01/01.04.2024** | **1260 Kg** | **97020** | **163575/-** |
| **21/14.05.2024** | **870 Kg** | **66555** | |

എന്നാൽ വിവിധ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ **01.04.2024** ൽ (ഇൻവോയിസ് നം. **01/01.04.2024** ) പ്രകാരം ലഭിച്ചതിൽ ആകെ **1244.5 Kg** അമൃതം ന്യൂട്രിമിക്സ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

| അങ്കണവാടി നമ്പർ | ഫയലിൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്ത അളവ് **(Kg)** | അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അളവ് **(Kg)** |
|---|---|---|
| **73** | **87.5** | **70** |
| **88** | **52.5** | **52.5** |
| **89** | **56** | **35** |
| **90** | **63** | **45** |
| **91** | **66.5** | **52** |
| **92** | **59.5** | **52.5** |
| **93** | **28** | **17.5** |
| **94** | **80.5** | **70** |
| **95** | **87.5** | **91** |
| **96** | **56** | **52.5** |
| **97** | **49** | **52.5** |
| **98** | **52.5** | **45** |
| **125** | **24.5** | **35** |
| **126** | **77** | **70** |
| **127** | **59.5** | **52.5** |
| **128** | **49** | **52.5** |
| **129** | **52.5** | **52.5** |
| **130** | **21** | **24.5** |
| **131** | **31.5** | **42** |
| **132** | **35** | **70** |

| | | |
|---|---|---|
| **133** | **42** | **70** |
| **134** | **24.5** | **52.5** |
| **135** | **35** | **28** |
| **136** | **45.5** | **42** |
| **144** | **24.5** | **17.5** |
| ആകെ | **1260** | **1244.5** |

ആയതിനാൽ **04/2024** ൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തതിൽ **15.50 Kg** -ന്റെ **(1260 Kg - 1244.50 Kg)** കുറവുള്ളതായി കാണുന്നു. മേൽ വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. **25/19.02.2026**) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് പരിശോധന നടത്തേണ്ടതും, സ്റ്റോക്കിലെ കുറവ് സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ഇൻവോയിസ് നം. **01/01.04.2024** പ്രകാരം ചെലവഴിച്ച **97,020 /-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ഈ ഇനത്തിൽ അധികം ചെലവഴിച്ച **1193.50/-** രൂപ **(97020/1260x15.50)** യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 ICDS സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | **SO 190/25** - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ, ഫണ്ടിനം | **319819/-**<br>വികസന ഫണ്ട് - **Rs. 319819 /-** |
| ചെലവ് (**IKM** ചെലവ് പത്രിക പ്രകാരം ) | ആകെ : **Rs.319400/-**<br>വികസന ഫണ്ട് - **Rs. 319400/-** |
| ബിൽ നമ്പർ, തീയതി | **No. 02 Dtd.15.06.2024** , തുക - **319400 /-** |
| നിർവ്വഹണോദ്യോഗസ്ഥ | **ICDS** സൂപ്പർവൈസർ, ഈരാറ്റുപേട്ട നഗരസഭ |

**ICDS** സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതി **2023-2024** വർഷത്തെ പദ്ധതിയുടെ **(SO 189/24)** സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയിട്ടുള്ളതാണ്. ടി പ്രോജക്ട് പ്രകാരം **319400/-** രൂപ വികസന ഫണ്ടിൽ നിന്നും സ്കോളർഷിപ്പ് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെയും രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. എന്നാൽ ഹാജരാക്കിയ ഫയലിനോടൊപ്പം സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. **26/19.02.2026**) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ , **BIMS** -ൽ നിന്നുള്ള ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ **3,19,400/-** രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുക ഉത്തരവാദിയായ **ICDS** സൂപ്പർവൈസറിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-41 ട്വിൻ ബിൻ വാങ്ങൽ - മുഴുവൻ ബിന്നുകളും ഉപയോഗിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം | **60/25** |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹെൽത്ത് വിഭാഗത്തിലേക്ക് ശുചീകരണ സാധന സാമഗ്രികൾ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, മുനിസിപ്പാലിറ്റി |
| അടങ്കൽ | **219500,** ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | **113559,** ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നം. | **490/30.03.2025** |

മേൽ പ്രോജക്ട് പ്രകാരം റെയ്ഡ്കോയിൽ നിന്ന് (ടാക്സ് ഇൻവോയ്സ് നം. **KTM/1337/2024-2025, 25.03.2025)** ഒന്നിന് **6700/-** രൂ നിരക്കിൽ **20** എണ്ണം **100L Dust Bin With Pedal** വാങ്ങിയിട്ടുണ്ട്. എന്നാൽ അവയുടെ ഉപയോഗം, അവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. എന്നാൽ നഗരസഭ പരിസരത്ത് തന്നെ ഒൻപതോളം ബിന്നുകൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്ത് തരം മാലിന്യങ്ങളാണ് ബിന്നുകളിൽ നിക്ഷേപിക്കുന്നത്, വാങ്ങിയ ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ, മേൽ ബിന്നുകളിൽ നിന്നുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, എപ്രകാരം മാലിന്യമുക്തമാക്കൽ പ്രക്രിയ നടപ്പാക്കുന്നു എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(21/18.02.2026)** മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി പൊതു നിരത്തുകളിൽ ജൈവമാലിന്യവും അജൈവമാലിന്യവും പൊതുജനങ്ങൾക്ക് നിക്ഷേപിക്കുന്നതിന് വേണ്ടി നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനായാണ് ബിന്നുകൾ വാങ്ങിയതെന്നും മേൽ ബിന്നുകളിലെ മാലിന്യങ്ങൾ നഗരസഭാ ശുചീകരണ തൊഴിലാളികൾ വേർതിരിച്ച് അതാത് എം സി എഫുകളിൽ എത്തിക്കുമെന്നും **20** സ്ഥലത്ത് ബിന്നുകൾ സ്ഥാപിച്ചിരുന്നെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബിന്നുകളിലും ഡയപ്പർ പോലുള്ള സാനിറ്ററി മാലിന്യങ്ങൾ ജനങ്ങൾ നിക്ഷേപിക്കുന്നതിനാൽ **9** സ്ഥലത്തെ ബിന്നുകൾ എടുത്തുമാറ്റി നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യമുക്തമാക്കൽ പ്രക്രിയ നടപ്പാക്കുക എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുജനങ്ങളിൽ വ്യക്തമായ അവബോധം നടത്തി ബിന്നുകൾ ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതും പ്രോജക്ട് നടപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-42 ആർദ്രം പദ്ധതി - മെയിന്റനൻസ് ഫണ്ട് - നോൺ റോഡിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | **17/25** |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി ആശുപത്രി പരിപാലനം |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | **2000000,** മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |
| ചെലവ് | **1999991,** മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |

മേൽ പ്രോജക്ട് പ്രകാരം ആർദ്രം പദ്ധതിക്കായി താൽക്കാലിക ജീവനക്കാരുടെ ശമ്പളം, മറ്റ് ഉപകരണങ്ങളും അവശ്യവസ്തുക്കളും വാങ്ങൽ തുടങ്ങിയവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡിൽ നിന്നും **1999991** രൂപ **2024-25** വർഷം ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ **17.01.2019** ലെ **442/**ഡിബി**2/18/**തസ്വഭവ നം. സർക്കുലറിലെ ഖണ്ഡിക **2** പ്രകാരം ആർദ്രം പദ്ധതിക്കായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കാവുന്നതും വേതനം വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും നൽകാവുന്നതുമാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡിൽ നിന്നുമാണ് വേതനത്തിന് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(23/19.02.2026)** മേൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അടങ്കൽ ഫണ്ട് നിശ്ചയിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ **22.06.2022** ൽ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നഗരസഭ ആയത് നാളിതുവരെ പരിഗണിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈരാറ്റുപേട്ട പോലെ ജനസാന്ദ്രത കൂടിയ

നഗരസഭാ പ്രദേശത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ പിയും ഐ പിയും മുന്നോട്ട് കൊണ്ടുപോകാൻ കൂടുതൽ ജീവനക്കാരുണ്ടെങ്കിൽ മാത്രമേ സാധ്യമാകുകയുള്ളൂ എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.04.22-ലെ ജി.ഒ (എംഎസ്) 84/22 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയുടെ ഖണ്ഡിക 8.7.1 (6) അനുസരിച്ച്, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് അനുവദനീയമായ വേതനം സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി വികസന/ തനത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഇത്തരം ജീവനക്കാരുടെ വേതനം വികസന/തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് അനുബന്ധമായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.22-ലെ ജി.ഒ(എംഎസ്) 115/22 പ്രകാരം പുറപ്പെടുവിച്ചത്) 7.6.1 , 7.6.2 എന്നീ ഖണ്ഡികകൾ പ്രകാരവും സർക്കാർ വ്യക്തത വരുത്തിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.04.2023-ലെ ജി.ഒ (എംഎസ്) 94/23 നമ്പർ ഉത്തരവു പ്രകാരം ഭേദഗതി ചെയ്ത മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുന്നത് കർശനമായി നിയന്ത്രിച്ചിട്ടുള്ളതാണ്. ഏറ്റവും ജനോപകാരപ്രദമായി പ്രവർത്തിക്കുന്നതായതിനാൽ ജീവനക്കാരുടെ എണ്ണം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സംരക്ഷിക്കേണ്ടതും ജീവനക്കാർക്കുള്ള വേതനം വികസന/തനത് ഫണ്ടിൽ നിന്നും തുടർ വർഷങ്ങളിൽ കണ്ടെത്തേണ്ടതും മേൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-43 ശൗചാലയ നിർമ്മാണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.,പേര് | S0454/25,എസ്സ്.റ്റി.വിഭാഗം ടോയ് ലറ്റ് നിർമ്മാണം |
| ഫണ്ടിനം | വികസനഫണ്ട്(ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം) |
| ചെലവഴിച്ച തുക | 50000 |
| ബിൽ നം./തീയതി | 404/21.03.25 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ശൗചാലയ നിർമ്മാണത്തിന് രാജു.കെ.ആർ,കൊണ്ടാട്ടുകുന്നേൽ പി.ഒ, ഈരാറ്റുപേട്ട, നടയ്ക്കൽ എന്ന ഗുണഭോക്താവിന് 50000/-രൂപ നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ കീഴിൽ വരുന്ന PMAY(U) വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൗചാലയം പണിയുന്നതിന് 6667/-രൂപയും കൂടി സ.ഉ(സാധാ) നം.364/2025/LSGD തീ.06.02.2025 ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ നഗരസഭയിൽ നിന്നും ശൗചാലയ നിർമ്മാണത്തിനായി 50000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവ് PMAY(U)വിഭാഗം ഗുണഭോക്താവ് ആണോയെന്നും, ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഗുണഭോക്താവിന് 50000/-രൂപ ശൗചാലയ നിർമ്മാണത്തിന് നൽകിയതെന്നും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/19.02.26) മറുപടി ഹാജരാക്കിയില്ല. ഗുണഭോക്താവിന് അധികമായി അനുവദിച്ച 31333/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 1-44 എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| പ്രോജക്ട് നം.,പ്രോജക്ടിന്റെ പേര് | 459/25,എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| ചെലവഴിച്ച തുക | 7000 |
| ബിൽ നം./തീയതി | 354/17.3.25 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീ28.5.22ഖ7.1.14 2പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350/രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈരാറ്റുപേട്ട നഗരസഭയിൽ ഒരാൾക്ക് കട്ടിൽ വിതരണത്തിനായി 7000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഡി ഹോം ഫർണിച്ചർ, പേട്ട റോഡ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിൽ വാങ്ങിയത് മോളി ദേവസ്യ, തുണ്ടിയിൽ ഹൗസ്, അരുവിത്തുറ എന്ന ഗുണഭോക്താവിനാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി 2650/-രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(20/18.02.26) മറുപടി ഹാജരാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി 2650/-രൂപ ചെലവഴിച്ചത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-45 സ്പിൽഓവർ പ്രോജക്ടിന്റെ ചെലവ് -ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകളുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക | ബിൽ നം./തീയതി | ഫണ്ടിനം |
|---|---|---|---|
| മുട്ടക്കോഴി വിതരണം,S0383/24 | 96000<br>93000 | 4/16.5.24<br>5/16.5.24 | വികസന ഫണ്ട് (ജനറൽ) |
| പെണ്ണാട് വളർത്തൽS0379/24 | 14000 | 6/16.5.24 | വികസന ഫണ്ട് (ജനറൽ) |
| ആകെ | 203000 | | |

മേൽ പരാമർശിച്ച പ്രോജക്ടുകൾപ്രകാരം ചെലവഴിച്ച് തുകകളുടെ വിവരം ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/17.2.26) വിവരങ്ങൾ ഒത്തുനോക്കുന്നതിലുള്ള പിഴവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് വ്യക്തമാക്കി. സ്പിൽ ഓവർ പ്രോജക്ടുകൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ 203000/-രൂപയുടെ ചെലവിൽ കുറവ് വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 വനിതകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും യോഗ പരിശീലനം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. പേര് | S0029/25, വനിതകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും യോഗ പരിശീലനം |
| ഫണ്ടിനം | വികസനഫണ്ട് |
| ചെലവഴിച്ച തുക | 24000 |
| ബിൽ നം./തീയതി | 269/21.2.25-12000<br>356/17.3.25-12000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2024-25വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ വനിതകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും യോഗ പരിശീലനം (S0029/25) എന്ന പ്രോജക്ട് ട്രെയിനറായി ശ്രീമതി. അർച്ചന തമ്പിയെ നിയമിച്ചിരുന്നു. 15/01/2025 മുതൽ 4 മാസക്കാലയളവിലേയ്ക്കാണ് ടിയാളെ നിയമിച്ചിരുന്നത്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. യോഗ ഇൻസ്ട്രക്ടർ ആയി നിയമിച്ചിട്ടുള്ള ശ്രീമതി.അർച്ചന തമ്പിയുമായി നഗരസഭ കരാർ ചമച്ചിട്ടില്ല.
2. 15.1.2025മുതൽ 2മാസക്കാലയളവിലേയ്ക്കുള്ള ഹോണറേറിയമാണ് ടിയാൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ പരിശീലനത്തിന് നിർദ്ദേശിച്ച സെന്ററുകൾ ഏതെല്ലാമാണെന്നോ, പരിശീലനത്തിന് പഠിതാക്കൾ എത്തിയിരുന്നതിന്റെ ഹാജർ സംബന്ധിച്ചുള്ള വിവരങ്ങളോ ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 28/19.2.26)മറുപടി നൽകിയില്ല. പരാമർശിത രേഖകൾ ഹാജരാക്കുന്നത് വരെ 24000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| S0398/25 | ലാബിൽ സ്റ്റോറേജ് സൗകര്യം, റാക്ക്, കബോർഡ് മുതലായവ ഒരുക്കൽ | 220000 |
| S0415/25 | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് ജീവനക്കാരുടെ വേതനം, ആവർത്തനചെലവുകൾ | 625571 |
| S0411/25 | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിൽ, വാടക, ഫർണിച്ചർ, ടെലികൺസൽട്ടേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 1015725 |
| S0412/25 | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിൽ നിയമിക്കുന്ന സ്റ്റാഫിന് വേതനം, ആവർത്തനചെലവുകൾ | 1983742 |
| | ആകെ | 3845038 |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ചെലവ് സംബന്ധിച്ച് രേഖകൾ കൃത്യമായി ചിട്ടപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. മേൽ പരാമർശിച്ച ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ 3845038/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. റിപ്പോർട്ട് ലഭിച്ചാൽ ഉടൻ ചെലവ് രേഖകൾ ഹാജരാക്കുകയോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കുകയോ ചെയ്യാത്തപക്ഷം ചെലവ് രേഖകൾ ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-48 ഇ ടെണ്ടർ ഫീ നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല.

2024-25 വർഷം ഈരാറ്റുപേട്ട നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരെ കണ്ടെത്തിയത് ഇ ടെണ്ടർ വഴിയാണ്. ഇ ടെണ്ടർ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, മുനിസിപ്പൽ എൻജിനീയറുടെ പേരിൽ എസ്.ബി.ഐ. ഈരാറ്റുപേട്ട ബ്രാഞ്ചിലുള്ള 38240814130-ാം നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 30.6.25 ൽ അക്കൗണ്ടിൽ 275187 രൂപ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീ നഗരസഭയുടെ തനത് വരുമാനമായതിനാൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറി നൽകേണ്ടതാണ്. ടെണ്ടർ ഫീ ഇനത്തിൽ നീക്കിയിരിപ്പുള്ള തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 44/24.02.26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ ഇനത്തിൽ നീക്കിയിരിപ്പുള്ള തുക എത്രയും പെട്ടെന്ന് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് എക്സിറ്റ് മീറ്റിംഗിൽ മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. ടെണ്ടർ ഫീ നഗരസഭയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-49 കരാർ വെക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

ഈരാറ്റുപേട്ട നഗരസഭയിൽ 2024-25 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ വെച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 നമ്പരായുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ വെക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | രജിസ്റ്റർ ചെയ്ത തീയതി | | | |
| 1 | **350/25** കൊട്ടുകാപ്പള്ളി ശാസ്താംകുന്ന് പാറയിൽ റോഡ് പുനരുദ്ധാരണം വാർഡ്- **8** | അൽത്താഫ് പി ആരിഫ് | **6.9.24** | **18.11.24** | **315178** | **3152** |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും **PAC** യുടെ **1%** പിഴ ഈടാക്കാതെ കരാർ വെച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ **33/20.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന **3152** രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-50 കാട്ടാമല കുടിവെള്ള പദ്ധതി 8-ാം ഡിവിഷനിലേക്ക് പൈപ്പ് ലൈൻ- അപാകതകൾ

പ്രോജക്ട് നം. **304/25**
അടങ്കൽ- **1500000** രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- **1069760** രൂപ ( **280/ 21.2.25** )
നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

ഈരാറ്റുപേട്ട നഗരസഭയുടെ **2024-25** വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. വാർഡ് **7**ൽ നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് **40000** ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് ഉണ്ട്. ഇതിൽ നിന്നും വാർഡ് **8** ലെ ഈലക്കയം, ശാസ്താംകുന്ന് എന്നീ ഭാഗങ്ങളിലുള്ള **40** ഓളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് രണ്ട് വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം **75 Mm** വ്യാസമുള്ള **HDPE** പൈപ്പ് **PE 100, 12.5 Kg, 1760** മീറ്ററും, **50 Mm** വ്യാസമുള്ള **PVC** പൈപ്പ് **1220** മീറ്റർ സ്ഥാപിക്കുകയുമാണ് ചെയ്യേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1)** **16.2.24** ൽ കരാർ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി **3** മാസമായിരുന്നു എങ്കിലും **17.2.25** ൽ ഒന്നാം പാർട്ട് ബിൽ നൽകിയപ്പോൾ **75 Mm** വ്യാസമുള്ള **HDPE** പൈപ്പ് **PE 100, 12.5 Kg, 1760** മീറ്റർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

**2)** പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി **15.2.25, 14.5.25, 13.8.25, 12.11.25, 11.2.26** എന്നിങ്ങനെ അഞ്ച് തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടുമില്ല. **20.1.26** ൽ മാത്രമാണ് ഒരു സപ്ലിമെന്ററി കരാർ വെച്ചത്.

**3)** **16.2.24** ൽ ഏറ്റെടുത്ത പ്രവൃത്തി **2** വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കിയിട്ടില്ല.

സമയബന്ധിതമായി കുടിവെള്ള പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ചും നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ **35/21.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കില്ല. അപാകതകൾ പരിഹരിച്ച് കുടിവെള്ള പദ്ധതി പൂർത്തിയാക്കി രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ **1069760/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 വാർഡ് 26 ലെ വനിത തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല

ഈരാറ്റുപേട്ട നഗരസഭയുടെ **26**-ാം വാർഡിൽ വനിത തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനായി **2023-24, 2024-25** വാർഷിക പദ്ധതികളിലായി **3** പ്രോജക്ടുകൾ നടപ്പാക്കി. **58.18m2** വിസ്തീർണ്ണമുള്ളതും രണ്ട് നിലകളിലുള്ളതുമായ കെട്ടിടം നിർമ്മിച്ചു. ഗ്രൌണ്ട് ഫ്ലോർ **RCC** റൂഫിംഗും, ഫസ്റ്റ് ഫ്ലോർ ജി. ഐ ഷീറ്റ് റൂഫിംഗും ആയിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം/ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| **2023-24** | **35/24,** വനിത തൊഴിൽ പരിശീലന കേന്ദ്രം | **1628436 (1128436-** വികസന ഫണ്ട് + **500000-** തനത് ഫണ്ട്) | **984520** രൂപ **(544057-** വികസന ഫണ്ട്, ഒന്നാം പാർട്ട് ബിൽ **440463-** തനത് ഫണ്ട്, രണ്ടാം പാർട്ട് ബിൽ) | **303/ 16.3.24** **380/25.3.24** |
| **2024-25** | **270/25** വനിത തൊഴിൽ പരിശീലന കേന്ദ്രം. ( സ്പിൽ ഓവർ) | **584379** രൂപ വികസന ഫണ്ട് | **484423** രൂപ **(415918-** വികസന ഫണ്ട്, **68505-** വികസന ഫണ്ട് ) | **133/ 14.11.24** **234/ 30.1.25** |
| **2024-25** | **223/25** വനിത തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം അധിക തുക വകയിരുത്തൽ | **500000** രൂപ തനത് ഫണ്ട് | **225373** രൂപ (ഒന്നാം പാർട്ട് ബിൽ) **256123** രൂപ (ഫൈനൽ ബിൽ) **(2025-26** ൽ നൽകി ) | **479/ 29.3.25** |
| **2024-25** | **298/25** വനിത തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം | **500000** രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | **487610** രൂപ **(218956** രൂപ ഒന്നാം പാർട്ട് ബിൽ **268654** രൂപ ഫൈനൽ ബിൽ ) | **363/ 17.3.25** **478/ 29.3.25** |

**2023-24** ൽ ആരംഭിച്ച പ്രോജക്ടിനായി നാളിതുവരെ **2438049** രൂപ ചെലവഴിച്ചിട്ടുണ്ട്. **23.2.26** ൽ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഗ്രൌണ്ട് ഫ്ലോറിൽ **98**-ാം നമ്പർ അംഗൻവാടി പ്രവർത്തിക്കുന്നതായി കണ്ടു. വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ മെഷിനറികൾ സ്ഥാപിക്കുകയോ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ സജ്ജീകരിക്കുകയോ ചെയ്തിട്ടില്ല. വനിതകൾക്ക് തൊഴിൽ പരിശീലനം ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ **42/24.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വനിത തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയത് വരെ തൻവർഷത്തെ ചെലവ് **1197406/-** രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 നടയ്ക്കൽ കുറ്റിയാനിക്കൽ റോഡ് പുനരുദ്ധാരണം- പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. **363/25**
അടങ്കൽ- **500000** രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- **381278** രൂപ (ബിൽ നം. **448/27.3.25**)
നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

ഈരാറ്റുപേട്ട നഗരസഭയുടെ **2024-25** വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. ഈരാറ്റുപേട്ട വാഗമൺ റോഡിൽ നിന്നും ആരംഭിച്ച് കുറ്റിയാനിക്കൽ ഭാഗത്ത് അവസാനിക്കുന്ന റോഡിന് **187** മീറ്റർ നീളവും **3** മീറ്റർ (കാര്യേജ് വേ) വീതിയുമുണ്ട്. പ്രസ്തുത റോഡിന്റെ **80** മീറ്റർ നീളത്തിൽ **3** മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യുന്നതിനും **107** മീറ്റർ നീളത്തിൽ **3** മീറ്റർ വീതിയിൽ റീ ടാറിംഗ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചത്. ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരൻ ജീവ സുനിൽ പാണ്ടൻകല്ലുങ്കൽ എന്ന വ്യക്തിയുമായി **26.12.24** ൽ കരാർ വെച്ചു. പൂർത്തീകരണ കാലാവധി **6** മാസമായിരുന്നു. പ്രവൃത്തിയുടെ കോൺക്രീറ്റിംഗ് ഭാഗം മാത്രം പൂർത്തിയാക്കി ഒന്നാം പാർട്ട് ബിൽ തുക **381278** രൂപ **448/27.3.25** നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ റീ ടാറിംഗ് ഭാഗം നാളിതുവരെ ചെയ്തതായി കാണുന്നില്ല.

പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ **46/24.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-53 മാതാക്കൽ കുടിവെള്ള പദ്ധതി വാർഡ്- 6- അപാകതകൾ

പ്രോജക്ട് നം. **296/25**
അടങ്കൽ- **1000000** രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- **984651** രൂപ (ബിൽ നം. **235/31.1.25** )

ഈരാറ്റുപേട്ട നഗരസഭയുടെ **2024-25** വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. നഗരസഭയുടെ എട്ടാം വാർഡിൽ ഉൾപ്പെട്ട മാതാക്കൽ പ്രദേശത്തെ **92** ഓളം വീടുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്ലാറ്റ്ഫോം നിർമ്മിച്ച് **50000** ലിറ്റർ കപ്പാസിറ്റിയുള്ള **RCC** വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചിരുന്നത്. തൻവർഷം ടാങ്ക് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1)** ടാങ്ക് നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്ക് വിട്ടുകിട്ടിയതായി കാണുന്നില്ല.
**2)** കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ മോട്ടോർ, പമ്പ് ഹൌസ്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.
**3)** കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് ഏതെന്ന് വ്യക്തമാക്കിയിരുന്നില്ല.
**4)** മോട്ടോർ, പമ്പ് ഹൌസ്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി **2024-25** വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു എങ്കിലും റിവിഷൻ സമയത്ത് ഡ്രോപ്പ് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ **34/21.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് കുടിവെള്ള പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-54 കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

**2024-25** വർഷം ഈരാറ്റുപേട്ട നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | കുറവ് ചെയ്ത ബാരൽ വില 18% ജി.എസ്.റ്റി ഉൾപ്പടെ | ഫണ്ടിനം |
|---|---|---|---|
| 1 | 77/25 മുനിസിപ്പൽ ഓഫീസ് റോഡ് പുനരുദ്ധാരണം വാർഡ്- 20 | ബാരൽ വില- 2142<br>ജി.എസ്.റ്റി- 386 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 2 | 201/25 നടയ്ക്കൽ സഫനഗർ-അറഫ നഗർ നടയ്ക്കൽ റോഡ് പുനരുദ്ധാരണം വാർഡ്- 13, 14, 15, 16 | ബാരൽ വില- 19118<br>ജി.എസ്.റ്റി- 3441 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 3 | 364/25 പോലീസ് സ്റ്റേഷൻ കടുവാമൂഴി വാക്കാപ്പറമ്പ് റോഡ് പുനരുദ്ധാരണം വാർഡ്-2 | ബാരൽ വില- 1410<br>ജി.എസ്.റ്റി- 254 | വികസന ഫണ്ട് |
| | ആകെ | ബാരൽ വില- 22670<br>ജി.എസ്.റ്റി- 4081 | |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ **32/20.2.26**-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബാരൽ വില **22670** രൂപയും, ജി.എസ്.റ്റി **4081/-** രൂപയും നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-55 ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണം - അവലോകനം

നഗരസഭയിലെ ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് **NULM** (ദീനദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം). ഈരാറ്റുപേട്ട നഗരസഭയിൽ എൻ.യു.എൽ.എം (**National Urban Livelihood Mission**)പദ്ധതിക്ക് ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ക്യാഷ് വരവ് ചെലവുകൾക്കായി ഐ സി ഐ സി ഐ ബാങ്കിൽ **323901000497** നമ്പർ അക്കൗണ്ടും പി എഫ് എം എസ് വരവ് ചെലവുകൾക്കായി കാനറാ ബാങ്ക് ശാഖയിൽ **10006945977** നമ്പർ അക്കൗണ്ടും എൻ യു എൽ എം-നായി നിലവിലുണ്ട്. മേൽ അക്കൗണ്ടുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | ഐ സി ഐ സി ഐ ബാങ്ക് | കാനറ ബാങ്ക് |
|---|---|---|
| പ്രാരംഭ ബാക്കി | **395769** | **0** |
| വരവ് | **11974** | **16100** |
| ആകെ | **407743** | **16100** |
| ചെലവ് | **0** | **16100** |
| നീക്കിയിരിപ്പ് | **407743** | **0** |

ഐ സി ഐ സി ഐ അക്കൗണ്ടിൽ **2024-25** വർഷം വരവ് ചെലവ് ഉണ്ടായിട്ടില്ല. പലിശ തുകയാണ് വരവായി ചേർത്തിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ നൽകേണ്ട യാത്രാബത്ത ഇനത്തിലുള്ള തുക മാത്രമാണ് പി എഫ് എം എസ് അക്കൗണ്ടിൽ വരവ് ചെലവായി വന്നിട്ടുള്ളത്. **2024-25** വർഷം മേൽ പദ്ധതി പ്രകാരം നഗരസഭയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

**1.** നഗരപരിധിയിൽ വഴിയോരക്കച്ചവടം ചെയ്യുന്നുവർക്ക് ബാങ്കുമായി ബന്ധപ്പെടുത്തി **Prime Ministers Street Vendors Atmanirbhar (PMSVA Nidhi)** പദ്ധതി പ്രകാരം പലിശയിളവോടെ വായ്പ നൽകൽ.

**2. PMSVA Nidhi** പദ്ധതി പ്രകാരം വായ്പ എടുത്തിട്ടുള്ളവരെയും അവരുടെ കുടുംബാഗങ്ങളേയും ഉൾപ്പെടുത്തി സോഷ്യോ ഇക്കണോമിക് പ്രൊഫൈലിംഗ് പൂർത്തീകരിച്ച് അർഹമായ വിവിധ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനം.

**3.** 'സ്വാനിധി സെ സമൃദ്ധി' പദ്ധതിയുടെ ഭാഗമായി ലോക് കല്യാൺ മേള നഗരസഭയിൽ സംഘടിപ്പിക്കുകയും ഗുണഭോക്താക്കൾക്ക് **FSSAI** പരിശീലനം ലഭ്യമാക്കുകയും ചെയ്തു.

**4. PMSVA Nidhi** ഗുണഭോക്താക്കൾക്ക് പോസ്റ്റ് ഓഫീസുമായി സഹകരിച്ച് ഡിജിറ്റൽ പേയ്മെന്റ് അക്ടിവേഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**5.**മോഡൽ സി ഡി എസ്സ് ക്യാമ്പയിനുമായി ബന്ധപ്പെട്ട് സി ഡി എസ്സ് ഓഫീസ് നവീകരണം , അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, വിഷൻ ബിൽഡിംഗ് പരിശീലനം,വിഷൻ ഡോക്കുമെന്റ് തയ്യാറാക്കൽ പ്രവർത്തനങ്ങൾ.

**6. PMSVA Nidhi** ഗുണഭോക്താക്കൾക്കുള്ള ക്രെഡിറ്റ് കാർഡ് സ്കീം പ്രവർത്തനങ്ങൾ.

റിവോൾവിംഗ് ഫണ്ട്, ലിങ്കേജ് വായ്പകൾ സി.ഡി.എസ് മോണിട്ടർ ചെയ്യുന്നതിന്റെ രജിസ്റ്റർ , മോണിട്ടറിംഗ് റിപ്പോർട്ട്, ഫയലുകൾ, ലോൺ യഥാസമയം അടവാക്കാത്ത അയൽകൂട്ടങ്ങളിൽ നിന്ന് ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിൽ ലഭ്യമായില്ല. രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ മൂലം പദ്ധതി പ്രകാരമുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഓഡിറ്റിൽ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല.

## 1-56 നഗരസഭയിലെ അമൃത് 2.0 പ്രവർത്തനങ്ങൾ അവലോകനം

**2021** ഒക്ടോബർ **1** ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച അമൃത് രണ്ടാംഘട്ട പദ്ധതിയിൽ കേരളത്തിലെ നഗരസഭകളെയും ഉൾപ്പെടുത്തിയിരുന്നു. കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനാണ് അമൃത് **2.0** പദ്ധതി ലക്ഷ്യമിടുന്നത്. നിലവിലെ അമൃത് പദ്ധതി നഗരങ്ങളിലെ മലിനജല സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. ഈരാറ്റുപേട്ട നഗരസഭയിൽ അമൃത് **2.0**

പദ്ധതി പ്രകാരം കേന്ദ്ര വിഹിതം **4.44** കോടി രൂപയും സംസ്ഥാന വിഹിതം **3.33** കോടി രൂപയും നഗരസഭ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും **1.55** കോടി രൂപയും ഉൾപ്പടെ ആകെ **9.32** കോടി രൂപയുടെ പ്രോജക്ടിനാണ് നഗരസഭയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. നഗരസഭയെ **2** സോണുകളായി തിരിച്ച് **2604** കണക്ഷനുകൾ നൽകുന്ന വിധത്തിലുള്ള പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. മലങ്കര **JJM** കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ചു കൊണ്ടുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനാണ് വാട്ടർ അതോറിറ്റിയുമായി ആലോചിച്ച് തീരുമാനമാനിച്ചിട്ടുള്ളത്. നിലവിൽ ഈരാറ്റുപേട്ട നഗരസഭയിൽ **6513** വാസഗൃഹങ്ങളും **3731** കുടിവെള്ള കണക്ഷനുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. **3731** കുടിവെള്ള കണക്ഷനുകളിൽ **470** കുടിവെള്ള കണക്ഷനുകൾ കേരള വാട്ടർ അതോറിറ്റിയുടെയും ബാക്കി ഗുണഭോക്തൃ സമിതികളുടെതുമാണ്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ വളരെ പഴകിയതും അടിയന്തിരമായി പുനരുദ്ധാരണം ആവശ്യമായിട്ടുള്ളതുമാണ്. ഗുണഭോക്തൃ സമിതി നടത്തുന്ന പദ്ധതി പ്രദേശങ്ങളിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതില്ലെന്നും, ഗുണഭോക്തൃ സമിതിയുടെ സേവനം ഇല്ലാത്ത സ്ഥലങ്ങളിൽ പരമാവധി വിതരണ ശൃംഖലകൾ സ്ഥാപിക്കുവാനും ഗുണഭോക്തൃ സമിതികളുടെ ജല സംഭരണിയിലേയ്ക്ക് ആവശ്യമായ ജലം എത്തിക്കുന്നതിനും സർവ്വേ നടപടികൾ നടത്താൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. സർവ്വേ നടപടികളുടെ ഭാഗമായി വാട്ടർ അതോറിറ്റിയ്ക്ക് **579290/-** രൂപ നൽകിയിട്ടുണ്ട്.

അമൃത് **2.0** പദ്ധതിയിലുൾപ്പെടുത്തി വാർഡ് **7** ലെ നടയ്ക്കൽ വടക്കേടം പറമ്പുകുളം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ **760,000/-** രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ വാട്ടർ അതോറിറ്റി പൂർത്തീകരിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

വാട്ടർ അതോറിറ്റി തേവരുപാറയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന **10** ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഓവർ ഹെഡ് ടാങ്കിൽ ജലം എത്തിച്ച് ഈരാറ്റുപേട്ട നഗരസഭയിൽ വിതരണം ചെയ്യുവാനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. നഗരസഭയിലെ **7** മുതൽ **20** വരെയുള്ള വാർഡുകളിൽ ഉപഭോക്തൃ സമിതികളുടെ സംഭരണികളിൽ ജലം എത്തിക്കുന്നതിനും **1500** ഓളം ഗാർഹിക കണക്ഷൻ നൽകുന്നതിനും നിലവിലെ കാലഹരണപ്പെട്ട ജലവിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനുമാണ് ആദ്യഘട്ട പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. മേൽ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം **13.2.26** ൽ നടത്തിയിട്ടുണ്ട്.

നഗരസഭയുടെ പരിമിതമായ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാൻ സാധിക്കുന്നതിലുപരിയായ പ്രവൃത്തികൾ അമൃത് പദ്ധതിയിലൂടെ പൂർത്തിയാക്കിയാൽ ആർജ്ജിക്കാൻ കഴിയുന്ന ഭൗതീകനേട്ടം വളരെ പ്രകടവും സ്ഥായിയായി നിലനിൽക്കുന്നതുമാവും. ആയതിനാൽ നിർവ്വഹണ ഏജൻസി മുഖേന ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഫലപ്രദമായ മോണിറ്ററിങ്ങിനും വിലയിരുത്തലിനും സമയബന്ധിതമായി പൂർത്തീകരണം ഉറപ്പാക്കുന്നതിനും അർഹമായ മുഴുവൻ കേന്ദ്രവിഹിതവും നേടിയെടുക്കുന്നതിനും നഗരസഭാ തലത്തിൽ കൂടുതൽ ജാഗ്രതാ പൂർണ്ണവും കാര്യക്ഷമവുമായ തുടർ പ്രവർത്തനങ്ങളും മേൽനോട്ടവും നിരന്തരമായ ഇടപെടലും ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-57 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ **2021-22** മുതൽ **2025-26** വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | **G.O(Rt) No. 2132/2022/LSGD Dated 31.08.2022** |

| | |
|---|---|
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. നഗര പ്രദേശങ്ങൾക്ക് ബാധകമായ സ്കീമുകൾ താഴെ നൽകുന്നു.

നഗര പ്രദേശം

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സാഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗര മേഖലയിലേക്ക് പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റിക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ സുലേഖ പത്രിക പ്രകാരമുള്ള വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ഫണ്ട് വിശകലനം

ഈരാറ്റുപേട്ട നഗരസഭയിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs | 0 | 0 | 2668000 | 0 |
| 2 | അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) | 0 | 8200000 | 2894000 | 2723000 |

*കുറിപ്പ്:* 2021-22 വർഷ ഗ്രാന്റ് 2022-23 ലും 2022-23 വർഷ ഗ്രാന്റ് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് നഗരസഭയിൽ ലഭ്യമായ വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്. നഗരസഭയുടെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

ഫണ്ട് വിനിയോഗം

ഈരാറ്റുപേട്ട നഗരസഭയിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച തുക | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021/22 | 2022-23 | 2023-24 | 2024-25 | | 2021/22 | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Intrastructure In Urban PHC's | Nil | Nil | 2668000 | Nil | 2668000 | Nil | Nil | 657650 | 1030346 | 1687996 | 980004 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | Grant For Urban Health & Wellness Centres | Nil | 8200000 | 2894000 | 2723000 | 13817000 | Nil | 89994 | 4374339 | 4340232 | 8804565 | 5102429 |
| Total | | | | | | 16485000 | | | | | 10492561 | 5992439* |

*ബാങ്ക് നീക്കിയിരിപ്പ് 673133/- രൂപ പലിശയുൾപ്പടെ 6665572/- രൂപയാണ്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി ഇന്ത്യൻ ബാങ്ക്, കാഞ്ഞിരപ്പള്ളി ശാഖയിൽ താഴെപ്പറയും പ്രകാരം 2 അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം 5 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 7215584312 |
| സ്കീം 6 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 7215569495 |

ഹെൽത്ത് ഗ്രാന്റ് വിഹിതം ചെലവഴിക്കാതെ ഫണ്ട് കൈമാറി നൽകി

നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ, ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചതുപ്രകാരം എൻ എച്ച് എം ന് 14-03-2024 നുള്ളിൽ ഹെൽത്ത് ഗ്രാന്റ് തുക കൈമാറണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ(അർബൻ) 14-3-24ൽ അയച്ച കത്ത് നം.എൽ എസ് ജി ഡി/പി ഡി/5562/2024-ഡി പി എൽ ഡി 4 അനുസരിച്ച് നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്കും (110047344710) പ്രൈമറി ഹെൽത്ത് സെന്ററിന്റെ എച്ച് എം സി അക്കൗണ്ടിലേക്കുമായി (57032759253) ആകെ 20,19,978/- രൂപ കൈമാറി നൽകിയിട്ടുണ്ട്. ഇതിൽ 1950554/- രൂപ എൻ എച്ച് എം ഡയറക്ടറുടെ അക്കൗണ്ടിലേക്കും 69424/- രൂപ പി എച്ച് സി യുടെ എച്ച് എം സി അക്കൗണ്ടിലേക്കുമാണ് കൈമാറിയിട്ടുള്ളത്. പ്രസ്തുത ഫണ്ടുകൾ വകയിരുത്തി നഗരസഭ ആവിഷ്കരിച്ച പ്രോജക്ടുകൾ,ചെലവ് വിവരങ്ങൾ ,കൈമാറിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിച്ച തുക | നടപ്പാക്കിയപ്രോജക്ടിന്റെ നമ്പർ | പ്രോജക്ട് പ്രകാരമുള്ള യഥാർഥ ചെലവ് | കൈമാറ്റം ചെയ്ത തുക |
|---|---|---|---|---|
| പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കുന്നതിന് | 2400000 | 332/24 | 654446/ | 1745554/ |
| കാൻസർ കെയർ പ്രോജക്ട് (Prevention,Early Detection And Management Of Oral Breast And Cervical Cancer) | 205000 | 331/24 | 0 | 205000 |
| കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യകേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും ആവർത്തനചെലവുകൾക്ക് | 289000 | 333/24 | 219576/ | 69424/ |

പ്രോജക്ട് ചെലവായി കൈമാറിയ മേൽ തുകകൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി തുക നാളിതുവരെയും തിരികെ ക്രമീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറും സെക്രട്ടറിയും ചേർന്നാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 11 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 5 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കുവാനായി സാധിച്ചത് .

ഫാമിലി ഹെൽത്ത് സെന്ററിന് നിലവിൽ **6** ഉപകേന്ദ്രങ്ങളാണുള്ളത്. എളപ്പുങ്കൽ സബ്സെന്റർ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് . സ്കീം-**6** പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് എഫ് എച്ച് സി യിലും മറ്റ് ഉപകേന്ദ്രങ്ങളിലും സംവിധാനമില്ല.

ഹെൽത്ത് ഗ്രാന്റുപയോഗിച്ച് ചില സ്ഥാപനങ്ങൾക്കെങ്കിലും ലാബിൽ നിർമ്മാണപ്രവർത്തികൾ നടത്തേണ്ടി വരും. **PHC/CHC** കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തണം. ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

**27.06.2024** ലെ സ.ഉ.(സാധാ) നം. **1149/2024/LSGD** നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച നിരക്കുകൾക്ക് **2024** രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ **2024** - രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി അസസ്മെന്റ്, ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിക്കുന്ന അർദ്ധ വാർഷിക വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| നം. | പേര് / തസ്തിക | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | സഹദ് പി എസ് | പൊന്തനാൽ സിൽക്ക് ഹൗസ് , ഈരാറ്റുപേട്ട | 45000 | 750 | 450 | 300 |
| 2 | മുഹമ്മദ് റാഫി | | 25000 | 450 | 180 | 270 |
| 3 | അജ്മൽ കെ എ | | 17500 | 320 | 120 | 200 |
| 4 | മുഹമ്മദ്ജാസിം | | 25000 | 450 | 180 | 270 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വിജയമ്മ | | 17500 | 320 | 120 | 200 |
| 6 | മനീഷ് | | 28000 | 450 | 180 | 270 |
| 7 | മറീന തോമസ് | സെന്റ്. ജോർജ് ഐ ഹോസ്പിറ്റൽ ഈരാറ്റുപേട്ട | 42000 | 600 | 300 | 300 |
| 8 | ലിജി ജേക്കബ് | | 42000 | 600 | 300 | 300 |
| 9 | ഡാലി തോമസ് | | 42000 | 600 | 300 | 300 |
| 10 | ജെറിൻ ജോയ് | | 42000 | 600 | 300 | 300 |
| 11 | ഇർഫാന | | 42000 | 600 | 300 | 300 |
| 12 | ഷെൽന | | 42000 | 600 | 300 | 300 |
| 13 | അരുൺ രാജു | | 42000 | 600 | 300 | 300 |
| 14 | ആൽബിൻ അലക്സ് | | 42000 | 600 | 300 | 300 |
| 15 | നിഖിൽ | | 42000 | 600 | 300 | 300 |
| 16 | ശ്രീലക്ഷ്മി | | 42000 | 600 | 300 | 300 |
| 17 | അനുജ ലിജോ | | 42000 | 600 | 300 | 300 |
| 18 | സരിത ഡി | | 42000 | 600 | 300 | 300 |
| 19 | സുനിഷാ | | 42000 | 600 | 300 | 300 |
| 20 | സെലീന | മുണ്ടമറ്റം സ്വീറ്റ് ബസാർ | 62400 | 750 | 600 | 150 |
| 21 | ജിനു | | 54600 | 750 | 450 | 300 |
| 22 | ജിനോ | തങ്കം ഫുഡ് പ്രോഡക്ട്സ് | 62400 | 750 | 600 | 150 |
| 23 | മിനാലി | | 62400 | 750 | 600 | 150 |
| 24 | ജെയ്സൺ തോമസ് | മുണ്ടമറ്റം ബേക്കേഴ്സ് | 62400 | 750 | 600 | 150 |
| 25 | മോഹനൻ | | 62400 | 750 | 600 | 150 |
| 26 | സണ്ണി സ്കറിയ | എം ജെ മാത്യു , BPCL ഡീലേഴ്സ്, ഈരാറ്റുപേട്ട | 102000 | 1000 | 900 | 100 |
| 27 | രെജിത്ത് കുമാർ പി എസ് | | 102000 | 1000 | 900 | 100 |
| 28 | പ്രദീപ് കുമാർ പി എസ് | | 102000 | 1000 | 900 | 100 |
| 29 | ഷിബു രാഘവൻ | | 102000 | 1000 | 900 | 100 |
| 30 | സിബി സി തോമസ് | | 102000 | 1000 | 900 | 100 |
| 31 | സിന്ധു ജോയ് | | 102000 | 1000 | 900 | 100 |
| 32 | മാളവിക രാജു | അൽ മനാർ പബ്ലിക് സ്കൂൾ, ഈരാറ്റുപേട്ട | 60000 | 750 | 450 | 300 |
| 33 | ഷിജിനാ ടി എ | | 75000 | 750 | 600 | 150 |
| 34 | ബാസിമ സിയാന | | 54000 | 750 | 450 | 300 |
| 35 | ഷാമില എം ജെ | | 60000 | 750 | 450 | 300 |
| 36 | സബീന അസീസ് | | 49632 | 750 | 450 | 300 |
| 37 | സാമിതാ മോൾ | | 53232 | 750 | 450 | 300 |
| 38 | റെയ്ന എം എം | | 52272 | 750 | 450 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 39 | ആഷ്ന.കെ ആരിഫ് | | 48000 | 750 | 450 | 300 |
| 40 | ഹസീന ഇ ജെ | | 53214 | 750 | 450 | 300 |
| 41 | സുമി മോൾ | | 55932 | 750 | 450 | 300 |
| 42 | മുഹമ്മദ് ബിലാൽ | | 61800 | 750 | 600 | 150 |
| 43 | സാജിന ടി ഇസ്മായിൽ | | 47940 | 750 | 450 | 300 |
| 44 | അർഷാദ് | | 72000 | 750 | 600 | 150 |
| 45 | നിഷാനാ സലിം | | 48000 | 750 | 450 | 300 |
| 46 | ഫാത്തിമ അനസ് | | 66000 | 750 | 600 | 150 |
| 47 | സന്ധ്യ നായർ | | 43824 | 600 | 300 | 300 |
| 48 | ഷിജിനാ എ എ | | 48576 | 750 | 450 | 300 |
| 49 | സജിന സക്കീർ | | 56160 | 750 | 450 | 300 |
| 50 | അനു എം വി | | 41184 | 600 | 300 | 300 |
| 51 | ഫാത്തിമ കെ എ | | 42000 | 600 | 300 | 300 |
| 52 | റിൻസാ യൂനസ് | | 49200 | 750 | 450 | 300 |
| 53 | മുഹമ്മദ് ഷഫീക്ക് | | 49896 | 750 | 450 | 300 |
| 54 | സബൂറ അനസ് | | 42258 | 600 | 300 | 300 |
| 55 | മറിയത്ത് പി എച്ച് | | 34848 | 600 | 300 | 300 |
| 56 | ഹയറുന്നീസ | | 39600 | 600 | 300 | 300 |
| 57 | മറിയത്ത് കെ എ | | 36000 | 600 | 300 | 300 |
| 58 | സുൽത്താൻ.കെ.എസ് | | 54384 | 750 | 450 | 300 |
| 59 | അബ്ദുൾ ജബ്ബാർ | | 57000 | 750 | 450 | 300 |
| | ആകെ | | | 40990 | 26130 | 14860 |

ഇപ്രകാരം കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കാരണം, തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് പിന്നീട് ഈടാക്കിയിട്ടുണ്ടോ എന്ന വിവരം എന്നിവ രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 36/21.02.2026) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് 14,860/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, അല്ലാത്ത പക്ഷം കുറഞ്ഞ നിരക്ക് ഡിമാന്റ് ചെയ്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി - സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | **SO 190/25** - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ, ഫണ്ടിനം | **319819/-**<br>വികസന ഫണ്ട് - **Rs. 319819 /-** |
| ചെലവ് (**IKM** ചെലവ് പത്രിക പ്രകാരം ) | ആകെ : **Rs.319400/-**<br>വികസന ഫണ്ട് - **Rs. 319400/-** |
| ബിൽ നമ്പർ, തീയതി | **No. 02 Dtd.15.06.2024** , തുക - **319400 /-** |
| നിർവ്വഹണോദ്യോഗസ്ഥ | **ICDS** സൂപ്പർവൈസർ, ഈരാറ്റുപേട്ട നഗരസഭ |

**ICDS** സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതി **2023-2024** വർഷത്തെ പദ്ധതിയുടെ (**SO 189/24**) സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയിട്ടുള്ളതാണ്. **319400/-** രൂപ വികസന ഫണ്ടിൽ നിന്നും സ്കോളർഷിപ്പ് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെയും രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. എന്നാൽ ഹാജരാക്കിയ ഫയലിനോടൊപ്പം സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം. **26/19.02.2026** ) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ , **BIMS** -ൽ നിന്നുള്ള ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ **3,19,400 /-** രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുക ഉത്തരവാദിയായ **ICDS** സൂപ്പർവൈസറിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-2 ടോയ്ലറ്റ് നിർമ്മാണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.,പേര് | **S0454/25**,എസ്സ്.റ്റി.വിഭാഗം ടോയ് ലറ്റ് നിർമ്മാണം |
| ഫണ്ടിനം | വികസനഫണ്ട്(ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം) |
| ചെലവഴിച്ച തുക | **50000** |
| ബിൽ നം./തീയതി | **404/21.03.25** |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ടോയ് ലറ്റ് നിർമ്മാണത്തിന് രാജു.കെ.ആർ,കൊണ്ടാട്ടുകുന്നേൽ പി.ഒ,ഈരാറ്റുപേട്ട,നടയ്ക്കൽ എന്ന ഗുണഭോക്താവിന് **50000**രൂപ നൽകിയിട്ടുണ്ട്.ലൈഫ് മിഷൻ കീഴിൽ വരുന്ന **PMAY(U)**വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൌചാലയം പണിയുന്നതിന് **6667**രൂപയും കൂടി സ.ഉ(സാധാ) നം.**364/2025/LSGD** തീ**6.2.25**ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണ്.എന്നാൽ നഗരസഭയിൽ നിന്നും ശൌചാലയ നിർമ്മാണത്തിനായി **50000** രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവ് **PMAY(U)**വിഭാഗം ഗുണഭോക്താവ് ആണോയെന്നും,ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഗുണഭോക്താവിന് **50000**രൂപ ശൌചാലയ നിർമ്മാണത്തിന് നൽകിയതെന്നും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല.ഗുണഭോക്താവിന് അധികമായി അനുവദിച്ച **31333** രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

ടോയ് ലറ്റ് നിർമ്മാണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.,പേര് | **S0454/25**,എസ്സ്.റ്റി.വിഭാഗം ടോയ് ലറ്റ് നിർമ്മാണം |
| ഫണ്ടിനം | വികസനഫണ്ട്(ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം) |

| | |
|---|---|
| ചെലവഴിച്ച തുക | **50000** |
| ബിൽ നം./തീയതി | **404/21.03.25** |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ടോയ് ലറ്റ് നിർമ്മാണത്തിന് രാജു.കെ.ആർ,കൊണ്ടാട്ടുകുന്നേൽ പി.ഒ,ഈരാറ്റുപേട്ട,നടയ്ക്കൽ എന്ന ഗുണഭോക്താവിന് **50000**രൂപ നൽകിയിട്ടുണ്ട്.ലൈഫ് മിഷൻ കീഴിൽ വരുന്ന **PMAY(U)**വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൌചാലയം പണിയുന്നതിന് **6667**രൂപയും കൂടി സ.ഉ(സാധാ) നം.**364/2025/LSGD** തീ**6.2.25**ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണ്.എന്നാൽ നഗരസഭയിൽ നിന്നും ശൌചാലയ നിർമ്മാണത്തിനായി **50000** രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവ് **PMAY(U)**വിഭാഗം ഗുണഭോക്താവ് ആണോയെന്നും,ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഗുണഭോക്താവിന് **50000**രൂപ ശൌചാലയ നിർമ്മാണത്തിന് നൽകിയതെന്നും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല.ഗുണഭോക്താവിന് അധികമായി അനുവദിച്ച **31333** രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 3-3 എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| പ്രോജക്ട് നം.,പ്രോജക്ടിന്റെ പേര് | **459/25**,എസ്.ടി.വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| ചെലവഴിച്ച തുക | **7000** |
| ബിൽ നം./തീയതി | **354/17.3.25** |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.**115/2022**/ത.സ്വ.ഭ.വ തീ**28.5.22**ഖ**7.1.14 2**പ്രകാരം നിരാലംബരായ **60** വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി **4350**/രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈരാറ്റുപേട്ട നഗരസഭയിൽ ഒരാൾക്ക് കട്ടിൽ വിതരണത്തിനായി **7000/-**രൂപ ചെലവഴിച്ചിട്ടുണ്ട്. ഡി ഹോം ഫർണിച്ചർ, പേട്ട റോഡ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിൽ വാങ്ങിയത് മോളി ദേവസ്യ, തുണ്ടിയിൽ ഹൗസ്, അരുവിത്തുറ എന്ന ഗുണഭോക്താവിനാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി **2650/-**രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(**20/18.02.26**) മറുപടി ഹാജരാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി **2650/-**രൂപ ചെലവഴിച്ചത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

**2024-25** വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| **S0398/25** | ലാബിൽ സ്റ്റോറേജ് സൗകര്യം, റാക്ക്, കബോർഡ് മുതലായവ ഒരുക്കൽ | **220000** |
| **S0415/25** | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് ജീവനക്കാരുടെ വേതനം, ആവർത്തനചെലവുകൾ | **625571** |
| **S0411/25** | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിൽ, വാടക, ഫർണിച്ചർ, ടെലികൺസൽട്ടേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | **1015725** |
| **S0412/25** | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിൽ നിയമിക്കുന്ന | **1983742** |

| | | |
|---|---|---|
| | സ്റ്റാഫിന് വേതനം, ആവർത്തനചെലവുകൾ | |
| | ആകെ | **3845038** |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ചെലവ് സംബന്ധിച്ച് രേഖകൾ കൃത്യമായി ചിട്ടപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. മേൽ പരാമർശിച്ച ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ **3845038/-** രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. റിപ്പോർട്ട് ലഭിച്ചാൽ ഉടൻ ചെലവ് രേഖകൾ ഹാജരാക്കുകയോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കുകയോ ചെയ്യാത്തപക്ഷം ചെലവ് രേഖകൾ ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| മാസം, വർഷം | ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| **4/2024** | **27** | **13500** | **13500** | **0** | |
| **5/2024** | **27** | **13500** | **13500** | **0** | |
| **6/2024** | **27** | **13500** | **13500** | **0** | |
| **7/2024** | **28** | **14000** | **14000** | **0** | |
| **8/2024** | **28** | **14000** | **14000** | **0** | |
| **9/2024** | **29** | **14500** | **14500** | **0** | |
| **10/2024** | **29** | **14500** | **14500** | **0** | |
| **11/2024** | **29** | **14500** | **14500** | **0** | |
| **12/2024** | **30** | **15000** | **15000** | **0** | |
| **1/2025** | **34** | **17000** | **17000** | **0** | |
| **2/2025** | **34** | **17000** | **17000** | **0** | |
| **3/2025** | **34** | **17000** | **17000** | **0** | |
| ആകെ | | **178000** | **178000** | **0** | |

***01-04-2024** മുതൽ **31-03-2025** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് **(01-04-2024** മുതൽ **30-06-2024** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക **(07/2022** മുതൽ അല്ലെങ്കിൽ **07/2023** മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് **(01-07-2024** ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ | മെഡിസെപ് | ഒടുക്കാൻ | റിമാർക്ക്സ് |
|---|---|---|---|---|

| എണ്ണം | ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ബാക്കി നിൽക്കുന്ന തുക | |
|---|---|---|---|---|
| 1 | 4500 | 4500 | 0 | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 3 | നവംബർ 2024 | 4500 | 4500 | 0 | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 06.12.2025 | 17.02.2026 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടിനായി 2024-25 വർഷം ഈരാറ്റുപേട്ട നഗരസഭയ്ക്ക് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ഒന്നും ലഭിച്ചില്ല.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| 1 | നിർമ്മിതി കേന്ദ്രം, കോട്ടയം | പ്രൈവറ്റ് ബസ് സ്റ്റാൻഡ് നിർമ്മാണം (So 374/25) | 49,87,500/- | ഇല്ല | 49,87,500/- |

വാർഷിക ധനകാര്യ പത്രികയിൽ ചെലവ് പ്രതിഫലിക്കുന്നുണ്ടെങ്കിലും ചെലവ് പത്രികയിൽ പ്രോജക്ട് ചെലവ് ഉൾപ്പെട്ടിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

2024-25 വർഷം നഗരസഭയ്ക്ക് വായ്പയൊന്നും ലഭിച്ചിട്ടില്ല. തൻവർഷം നിലവിലുള്ള വായ്പ സർക്കാർ ഗ്രാന്റ് സ്രോതസ്സിൽ കുറവ് ചെയ്ത് തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | 2023-24 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/ LSGD 18/05/2018 | 72933333 | ഇല്ല | 7293333 | - | 65640000 |

2023-24 വർഷം ലോൺ ഇനത്തിൽ തിരിച്ചടച്ചതിൽ വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്യാത്ത 2477777/- രൂപയുടെ തിരിച്ചടവ് തൻവർഷവും കൃത്യമാക്കിയിട്ടില്ല. കൂടാതെ നഗരസഭയിലെ ലോൺ രജിസ്റ്ററിലെ മേൽ അപാകത പരിഹരിച്ച് രജിസ്റ്റർ കാലികവും കൃത്യവും ആയി സൂക്ഷിക്കേണ്ടതാണ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഈരാറ്റുപേട്ട നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 20 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ആസ്തി ഉള്ളതായി കാണുന്നു (കണക്ക് ശീർഷകം – 4201001). 04.03.2016 ലെ സ.ഉ.(സാധാ) നം.1126/2016/ തസ്വഭവ പ്രകാരം അനുമതി നൽകിയതിനാലാണ് നഗരസഭ ഷെയർ വാങ്ങിയത്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 46(3) പ്രകാരം CLEAN KERALA COMPANY LIMITED ലഭ്യമാക്കിയ ഷെയർ സർട്ടിഫിക്കറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഷെയർ നൽകിയ കമ്പനി | CLEAN KERALA COMPANY LIMITED |
| കമ്പനി കോർപ്പറേറ്റ് ഐ.ഡി. | U90000KL2013SGC035624 |
| ഷെയർ ലെഡ്ജർ ഫോളിയോ | N-18 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 54 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 2000 എണ്ണം |
| ഷെയർ ഡിസ്റ്റിങ്റ്റീവ് നം. | 91516 മുതൽ 93515 വരെ |
| ഷെയർ എടുത്ത തീയതി | 26.12.2016 |
| 26.12.2016-ലെ ഷെയർ മൂല്യം | 20 ലക്ഷം രൂപ |

26.12.2016 തീയതിയിൽ 20 ലക്ഷം രൂപ മൂല്യമുണ്ടായിരുന്ന ഷെയർ 8 വർഷത്തിന് ശേഷവും അതേ മൂല്യത്തിൽത്തന്നെ നിൽക്കുന്നതായി 31.03.2025 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. 2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2024-25 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല.

ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക (Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല. ഷെയറിന്റെ മൂല്യം കൃത്യമായി ലഭ്യമാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്. നിലവിലെ ഷെയർ വാല്യു പത്രികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

## 4-8 ഓഡിറ്റ് റിക്കവറി

2024-25 വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 43620/- രൂപ വരവായി കണക്കാക്കുകയും ആയത് ബാലൻസ് ഷീറ്റിൽ ബാധ്യതയായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും രേഖകൾ ലഭ്യമല്ലാത്തതിനാലും തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 166916628.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 149284611.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14,860/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 41,98,421/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,85,540/- |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 (1-23) | 14,860/- | - | ശ്രീമതി നാൻസി കെ വർഗീസ് സെക്രട്ടറി ഇൻ ചാർജ് |
| 3-1 (1-40) | - | 3,19,400 /- | ശ്രീമതി ആര്യ വി എൻ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ , ഈരാറ്റുപേട്ട നഗരസഭ |
| 3-2 (1-43) | - | 31,333/- | ശ്രീമതി സ്വപ്ന ബി നായർ പ്രോജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-3 (1-44) | - | 2,650/- | ശ്രീമതി സ്വപ്ന ബി നായർ പ്രോജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-4 (1-47) | - | 38,45,038/- | ശ്രീ ജോബിൻ ജോൺ സെക്രട്ടറി |
| ആകെ | 14,860/- | 41,98,421/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 2,05,961/- | ശ്രീമതി ഷീജമോൾ കെ സെക്രട്ടറി |
| | 3,87,960/- | ശ്രീ. ജോബിൻ ജോൺ സെക്രട്ടറി |
| 1-32-1 | 72,500/- | ശ്രീ. ജോബിൻ ജോൺ സെക്രട്ടറി |

| | | |
|---|---|---|
| 1-35 | 44,532/- | ശ്രീ. ജോബിൻ ജോൺ<br>സെക്രട്ടറി |
| 1-36 | 4,00,000/- | ശ്രീമതി രമ്യ ആർ<br>കൃഷി ഓഫീസർ |
| 1-38 | 1,26,760/- | ഡോ.ജോസഫ്.കെ.എം<br>മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി |
| 1-39 (1) | 1,59,641 | ശ്രീമതി.ആര്യ വി എൻ<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഈരാറ്റുപേട്ട നഗരസഭ |
| 1-39 (2) | 97,020 | ശ്രീമതി.ആര്യ വി എൻ<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഈരാറ്റുപേട്ട നഗരസഭ |
| 1-46 | 24,000/- | ശ്രീമതി നാൻസി കെ വർഗീസ്<br>സെക്രട്ടറി ഇൻ ചാർജ് |
| 1-50 | 10,69,760/- | ശ്രീമതി കാവ്യ എം എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-51 | 11,97,406/- | ശ്രീമതി കാവ്യ എം എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 37,85,540/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നാൻസി കെ വർഗീസ്<br>സെക്രട്ടറി ഇൻ ചാർജ് | ജൂനിയർ സൂപ്രണ്ട്<br>കോട്ടയം നഗരസഭ | കൊല്ലംപറമ്പിൽ<br>പാമ്പാടി പി ഒ<br>കോട്ടയം - 686502 |
| ശ്രീമതി സ്വപ്ന ബി നായർ<br>പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | പ്രോജക്ട് ഓഫീസർ<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ<br>കോട്ടയം നഗരസഭ | കിഴക്കേക്കാവിൽ<br>ഇരവിനെല്ലൂർ പിഒ<br>പുതുപ്പള്ളി<br>കോട്ടയം - 686011 |
| ശ്രീമതി ആര്യ വി എൻ ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ ,<br>ഈരാറ്റുപേട്ട നഗരസഭ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അമ്പാടി<br>നടുവിലക്കര<br>ഉമയനല്ലൂർ പി ഒ<br>കൊല്ലം - 691589 |
| ശ്രീ. ജോബിൻ ജോൺ<br>സെക്രട്ടറി | സ്റ്റേറ്റ് മിഷൻ കോർഡിനേറ്റർ<br>കേരള സ്റ്റേറ്റ് ഐ ടി മിഷൻ | മരുതിപ്പറമ്പിൽ<br>കൂമൻകുളം പി ഒ |

| | | | |
|---|---|---|---|
| | | | മഞ്ചേരി<br>മലപ്പുറം - **676123** |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ **28.02.2026** തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. (ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് നഗരസഭയായി പരിവർത്തനം ചെയ്യപ്പെടുന്നതിന് മുമ്പുള്ള ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ടുകളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് പ്രസ്തുത റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള ചുമതലയും നഗരസഭയിൽ നിക്ഷിപ്തമാണ്.)

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| **2015-16** | കെ.എസ്.എ.-കെ.ടി.എം.പി**8/91/2017/ 01.03.2018** | |
| **2016-17** | കെ.എസ്.എ.-കെ.ടി.എം.പി**17/1517/ 2017/ 07.03.2018** | |
| **2017-18** | കെ.എസ്.എ.-കെ.ടി.എം.പി**17/191/2019/ 24.08.2019** | |
| **2018-19** | കെ.എസ്.എ.-കെ.ടി.എം.പി**17/108/2020/ 23.10.2020** | |
| **2019-20** | കെ.എസ്.എ.-കെ.ടി.എം.പി**17/158/ 2022/10.04.2023** | |
| **2020-21** | കെ.എസ്.എ.-കെ.ടി.എം.പി**17/159/2022/ 17.04.2023** | |
| **2021-22** | കെ.എസ്.എ.-കെ.ടി.എം.പി**17/277/2023/ 11.07.2023** | |
| **2022-23** | കെ.എസ്.എ-കെ.ടി.എം.പി.**17/179/24/17.02.2025** | |
| **2023-24** | കെ.എസ്.എ-കെ.ടി.എം.പി.**17/165/25/15.07.2025** | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number A1-4680726-2025 dated 03-12-2025 and submitted on 06-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Erattupetta Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Erattupetta Municipality as on 31-03-2025

Date: 19/03/2026

Senior Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Erattupetta Municipality for the Year 2024-2025 .**

**1.Major Observations**

1. **Municipal General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01.04.2011 is not available. Full source Data not available for the value of total general fund**

as on 31.03.2025.

2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Register is not updated upto 31.03.2025.
4. The corresponding capital contribution entry has not been recorded for the increase in asset values arising from projects implemented under the 2024-ÂÂ25 Annual Plan.
5. Details and adjustments of Capital Work in Progress have not been disclosed. A detailed register is not maintained to monitor the transactions related to the same.

**2.Other Observations**

1. Government and Other Dues Register has not kept - The details of some recoveries outstanding as on 31.03.2025 are not disclosed.

2. The accumulated depreciation of Vehicles, Plant & Machinery has exceeded the respective asset values as per the Balance Sheet as on 31.03.2025.

3. Accrual demands for the financial year 2024-Â25 have not been determined and certified in respect of accrual incomes such as Licence fee.

4. Details of various advance amounts from the Municipal Fund have not been provided in the 2024-25 Advance Register.

5. Opening balance details of various deposits received in the Municipal Fund which stands as liabilities have not been provided in the 2024-25 Deposit Register.

6. Appropriation Control Register has not been maintained for Special Purpose Grants.

7. Demand Register has not been maintained for arrear demands.

8. Expenditures that became due up to 31.03.2025 have not been accounted as payables during the financial year.

9. Special Purpose Grants, such as NULM and Saksharatha are accounted under a single head in the B4 schedule.

10. Details and authenticity of prior period items have not been disclosed through notes on account.

11. In the B8 Schedule, the National Pension System (NPS) contributions of the employer and employee are not matching.

Senior Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്